## പതിനാറാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

2026 ജൂൺ 24, ബുധൻ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--287]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി | : 600 മുതൽ 684 വരെ |
| വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി | : 685 മുതൽ 748 വരെ |
| ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 749 മുതൽ 842 വരെ |
| മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 843 മുതൽ 886 വരെ |

**<u>പീച്ചംകോട് നഗർ ഭവനനിർമ്മാണ പദ്ധതി</u>**

600 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിപിന്നോക്ക വിഭാഗ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയ പീച്ചംകോട് നഗർ ഭവനനിർമ്മാണ പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>കെടാവിളക്ക് പദ്ധതി</u>**

601 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1 മുതൽ 8 വരെ ക്ലാസുകളിലെ പിന്നാക്ക വിഭാഗ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് പകരം ആരംഭിച്ച "കെടാവിളക്ക്

"പദ്ധതിക്കായി 2023 മുതൽ മുൻ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് നടപ്പിലാക്കിയ ഈ പദ്ധതി വഴി എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് മുൻ സർക്കാരിന്റെ കാലത്ത് സ്കോളർഷിപ്പ് ലഭിച്ചത് എന്ന് വിശദമാക്കാമോ;

(സി) ഒ.ഇ.സി പോസ്റ്റ് മെട്രിക് ധനസഹായമായി 2021-2026 കാലയളവിൽ എത്ര കോടിരൂപയാണ് വകയിരുത്തിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് വഴി വിദേശ പഠന സൗകര്യം ലഭ്യമാക്കിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ നൽകാമോ?

## ഒ.ബി.സി. വിഭാഗങ്ങൾക്കുള്ള സംവരണം

602 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വിഭാഗങ്ങൾക്കാണ് നിലവിൽ ഒ.ബി.സി. സംവരണ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒ.ബി.സി ആനുകൂല്യങ്ങൾ ഓരോ വിഭാഗങ്ങൾക്കും എത്ര ശതമാനം വീതമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നാഷണൽ കമ്മീഷൻ ഫോർ ബാക്ക് വേഡ് ക്ലാസ്സസ് ആക്ട് 1993 പ്രകാരം സംസ്ഥാനത്ത് ജനസംഖാനുപാതികമായി ഒ.ബി.സി സംവരണം പുതുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഒ.ബി.സി പട്ടികയിലേക്ക് ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളും ആ വിഭാഗങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർഷവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഓരോ വിഭാഗത്തിലും ഒ.ബി.സി ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) 1993-ന് ശേഷം പ്രസ്തുത ആനുകൂല്യപ്രകാരം സർക്കാർ ജോലി ലഭിച്ചവരുടെ ജാതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഗവേഷകർക്ക് നൽകിവരുന്ന പിന്തുണ

603 **ശ്രീ. എം. വിൻസെന്റ്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഗവേഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫെല്ലോഷിപ്പും ഗ്രാൻറും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും എന്തെല്ലാം സാമ്പത്തിക, സാമൂഹിക പിന്തുണകളാണ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പിന്നാക്ക വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും സംരംഭകത്വത്തിനും കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക വായ്പാപദ്ധതികൾ ഏർപ്പെടുത്തുമോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ഉന്നമനത്തിൽ പങ്കുവഹിച്ച പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് ഉയർന്നുവന്ന മഹാൻമാരുടെ ജീവിതവും സാമൂഹിക ഇടപെടലുകളും അവർ നല്കിയ സംഭാവനകളും ചരിത്രപരമായി പഠിക്കപ്പെടേണ്ടതും അടയാളപ്പെടുത്തേണ്ടവയുമായതിനാൽ അതിനായുള്ള ഗവേഷണ-പഠന പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആലോചനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ**</u>

604 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ വഴി നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) അവയിൽ സബ്സിഡി ഏതൊക്കെ ഇനത്തിലാണ് ലഭിക്കുന്നത്; വിശദമാക്കാമോ;

(സി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ?

## സാമൂഹ്യ പരിഷ്കർത്താക്കളുടെ പൈതൃകം സംരക്ഷിക്കുന്നതിനുള്ള നടപടി

605 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിശിഷ്ട വ്യക്തികളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും പൈതൃകം സംരക്ഷിക്കുന്നതിന് പിന്നോക്ക ക്ഷേമ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന്റെ ഭാഗമായി പഠന-ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പിന്നോക്ക ക്ഷേമ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന പദ്ധതി

606 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭവനരഹിതർക്ക് വീട് ഉറപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ പദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ വിഭാവനം ചെയ്യുന്ന പുതിയ ഭവന പദ്ധതിയുടെ ഘടനയും നടപ്പ് സാമ്പത്തിക വർഷം ഇതിനായി നീക്കിവെച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ;

(ബി) മുൻകാലങ്ങളിൽ ലൈഫ് മിഷൻ പദ്ധതി വഴിയുള്ള ഭവന നിർമ്മാണം പാതിവഴിയിൽ മുടങ്ങിയ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് ലഭ്യമാണോ; ഇവ പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ആദിവാസി ഊരുകളിലെ തനത് സംസ്കാരം നിലനിർത്തിക്കൊണ്ട് അവരുടെ പങ്കാളിത്തത്തോടെ സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എസ്.സി/എസ്.ടി കോർപ്പസ് ഫണ്ടും തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് ഭവന നിർമ്മാണ പ്രക്രിയ കൂടുതൽ വേഗത്തിലാക്കാൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കേന്ദ്രങ്ങളുടെ പേരു മാറ്റം**

607 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കേന്ദ്രങ്ങൾക്ക് പരമ്പരാഗതമായി വിളിച്ചിരുന്ന കോളനി എന്ന പദത്തിന് പകരം മറ്റ് പേരുകൾ ഉപയോഗിക്കണമെന്ന മുൻ സർക്കാറിന്റെ ഉത്തരവ് എത്രമാത്രം പ്രായോഗികമായിട്ടുണ്ടെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കോളനികൾക്ക് പകരം സദ്ഗ്രാമം എന്ന പേര് വ്യാപകമായി ഉപയോഗിക്കുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ**

608 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്, ആരംഭിക്കാത്തവ എന്നിവ തരം തിരിച്ച് നൽകാമോ;

(ബി) സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**നെടിയിരുപ്പ് സൗത്ത് ഉന്നതിയിൽ മോഡൽ റസിഡെൻഷ്യൽ സ്കൂൾ**

609 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ പട്ടിക ജാതി ഉന്നതികളിലൊന്നായ നെടിയിരുപ്പ് സൗത്ത് ഉന്നതിയിൽ മോഡൽ റെസിഡ്യൻഷ്യൽ സ്കൂൾ ആരംഭിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നെടിയിരുപ്പ് സൗത്ത് ഉന്നതിയിൽ മോഡൽ റെസിഡ്യൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഫണ്ട് ലഭ്യതക്കുറവ്</u>**

610 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ തലനാട് പഞ്ചായത്തിലെ ചെവ്വൂർ, കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന് ഉന്നതി , കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട് പാറനഗർ തുടങ്ങിയ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാകുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ട് സമയബന്ധിതമായി ലഭ്യമാക്കി പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ</u>**

611 **ശ്രീ. കെ. രാജൻ**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും സമഗ്ര ഉന്നമനത്തിനു വേണ്ടി മുൻ സർക്കാർ ആരംഭിച്ച ഉന്നതി പദ്ധതിയുടെ പ്രവർത്തനം സമഗ്ര വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലെ അതിദരിദ്രകുടുംബങ്ങളുടെ ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ സുസ്ഥിരവികസന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഉന്നതി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ കുറ്റമറ്റ സംവിധാനങ്ങൾ തുടർന്നും പിന്തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന യുവജനങ്ങളുടെ തൊഴിൽ ശേഷിയും തൊഴിൽ പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിന് വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## <u>പട്ടികജാതി/പട്ടിക വർഗ്ഗ വികസനഫണ്ടുകളുടെ ചെലവഴിക്കൽ</u>

612 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ ബജറ്റിൽ വകയിരിത്തിയ പട്ടികജാതി/ പട്ടിക വർഗ്ഗ വികസനഫണ്ടുകളുടെ ചെലവഴിക്കലുമായി ബന്ധപ്പെട്ട വിശദാംശവും ഓരോ വർഷവും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക, എന്നിവ സംബന്ധിച്ച കണക്കും ലഭ്യമാക്കാമോ,

(ബി) പട്ടികജാതി/പട്ടിക വർഗ്ഗ വികസനത്തിനായി കേന്ദ്രത്തിൽ നിന്നും ഈ കാലയളവിൽ ഓരോ വർഷവും അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ,

(സി) പട്ടികജാതി/പട്ടിക വർഗ്ഗ വികസനഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാൻ മുൻ സർക്കാരുകൾക്ക് കഴിയാതെ വന്ന സാഹചര്യം വ്യക്തമാക്കാമോ?

**പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ**

613 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ സംസ്ഥാനത്ത് നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി/ പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം ഈ കാലയളിൽ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം എത്ര, ഇതിൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ;

(സി) പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കുമോ?

**പട്ടികജാതി വികസന ഫണ്ട് പൂർണമായി ചെലവഴിക്കുന്നതിന് നടപടി**

614 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 മുതൽ 2025-26 വരെ പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതെ ഏകദേശം 30% ഫണ്ട് പാഴാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി ജനസംഖ്യാനുപാതികമായി അനുവദിക്കുന്ന തുക പൂർണമായും വിനിയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; വിശദമാക്കാമോ;

(സി) 2024-25 സാമ്പത്തിക വർഷം വിവിധ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച 1370.60 കോടി രൂപയിൽ നിന്ന് 449.89

കോടി രൂപ 25.01.2025 ലെ സർക്കാർ ഉത്തരവ് പ്രകാരം വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഫണ്ട് വെട്ടിക്കുറച്ചത് പട്ടികജാതി വിഭാഗക്കാരോടുള്ള നീതി നിഷേധവും അവകാശ ലംഘനവുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗങ്ങളുടെ പുരോഗതിക്കായുള്ള പദ്ധതികൾക്കായി ജനസംഖ്യാനുപാതികമായി ഫണ്ട് നീക്കി വയ്ക്കപ്പെടുന്നുവെന്നും അത് കൃത്യമായി ചെലവഴിക്കപ്പെടുന്നുവെന്നും വക മാറ്റി ചെലവഴിക്കുന്നില്ലായെന്നും ഉറപ്പുവരുത്തുന്നതിനായി 2017-ൽ തെലുങ്കാന സർക്കാർ നടപ്പാക്കിയ നിയമത്തിന് സമാനമായ ഒരു നിയമം സംസ്ഥാനത്തും കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## ഒല്ലൂർ മണ്ഡലത്തിൽ അനുവദിച്ച പഠന മുറി

615 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി എത്ര പഠന മുറി നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ആയതിന്റെ വിശദാംശം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## സേഫ് പദ്ധതി

616 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സേഫ് പദ്ധതി പ്രകാരം മെയിന്റനൻസിനായി എത്ര വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

617 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ

618 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും പദ്ധതിയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ നൈപുണ്യവികസനത്തിന് പദ്ധതികൾ

619 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ നൈപുണ്യവികസനത്തിനും അതിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുമായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളിലൂടെ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഏതെല്ലാം മേഖലയിൽ, എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇവരുടെ നൈപുണ്യ വികസനത്തിനായി പുതിയതായി ആരംഭിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

## **<u>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ</u>**

620 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## **<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം</u>**

621 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പൊതു വിഭവങ്ങളിന്മേലുള്ള നീതിയുക്തമായ അവകാശം ഉറപ്പാക്കുന്നതിനായി ആസൂത്രണ രൂപരേഖയിൽ പ്രത്യേക ഘടക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്, തങ്ങളുടെ പ്രത്യേകതകൾ ഉൾപ്പെടുത്തി

ജനസംഖ്യാനുപാതികമായി ലഭ്യമാകേണ്ടിയിരുന്ന പദ്ധതി വിഹിതം ഓരോ വർഷവും വകയിരുത്തിയിരുന്നോയെന്നു വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ ഏതെങ്കിലും വർഷം പ്രസ്തുത ഘടക പദ്ധതികളിലെ വിഹിതത്തിൽ മുൻവർഷത്തേക്കാൾ ശതമാന നിരക്കിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയും തമ്മിലുള്ള അന്തരം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ദുർബലജനവിഭാഗങ്ങൾക്ക് പൊതുവിഭവങ്ങളിലെ അവകാശം നിഷേധിക്കാതിരിക്കുന്നതിനും സാമ്പത്തിക പങ്കാളിത്തം അവർക്ക് അനുഭവവേദ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

**<u>പട്ടിക ജാതി സമുദായ അംഗങ്ങൾക്ക് ലഭിക്കേണ്ട ധനസഹായകുടിശ്ശികകൾ</u>**

622 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായ ക്ഷേമ പദ്ധതികളായ വിവാഹ ധനസഹായം, മിശ്രവിവാഹ സഹായം, ചികിത്സാ ധനസഹായം, വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സഹായം, ഏക വരുമാനദായകന്റെ മരണത്തെ തുടർന്ന് നൽകുന്ന സഹായം എന്നിവ മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്നോ;എങ്കിൽ എത്ര കുടിശ്ശികയുണ്ടായിരുന്നു; ഇവ നൽകുന്നതിന് നടപടി സ്വീകരിക്കാമോ ?

**<u>ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ അംബേദ്കർ ഉന്നതിയുടെ വികസനം</u>**

623 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സമഗ്ര ഉന്നതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുകോടി രൂപ അനുവദിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ അംബേദ്കർ ഉന്നതിയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കാവശ്ശേരി പീച്ചാംകോട് അംബേദ്കർ ഗ്രാമം പദ്ധതി**

624 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിപിന്നോക്കവിഭാഗം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കാവശ്ശേരി പീച്ചാംകോട് അംബേദ്കർ ഗ്രാമം പ്രവ്യത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവ്യത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ എസ് സി എസ് ടിയ്ക്കായുള്ള പദ്ധതികൾ**

625 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ എസ് .സി, എസ് .ടി യ്ക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയെ കുറിച്ചും വിശമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നഗറുകൾ അബേദ്കർ നഗർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു എന്നും അവയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

**വർക്കല നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

626 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

**ഗോത്ര ബന്ധു പദ്ധതി**

627 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര വിഭാഗങ്ങളിലെ കുട്ടികളുടെ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ മുൻ സർക്കാർ 2017-ൽ ആരംഭിച്ച ഗോത്രബന്ധു പദ്ധതി പ്രകാരം താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി

ചെയ്തിരുന്ന മുഴുവൻ മെന്റർ ടീച്ചർമാരെയും ഈ അധ്യായന വർഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഉത്തരവുമൂലം എത്ര പേർക്കാണ് ജോലി നഷ്ടമാകുന്നതെന്ന് അറിയിക്കാമോ?

## <u>കുന്നംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

628 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ളത് ഏതൊക്കെ പ്രവൃത്തികളാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## <u>കോർപ്പസ് ഫണ്ട്</u>

629 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് പദ്ധതികൾ ഏതൊക്കെയാണ് ; ഏത് വർഷം അനുമതി ഉത്തരവ് ലഭിച്ചു ; എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) കോർപ്പസ് ഫണ്ട് മുഖേന പദ്ധതി,നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി ഉത്തരവ് ലഭ്യമായ ശേഷവും ഇതുവരെയും പ്രാരംഭ നടപടികൾ തുടങ്ങുവാൻ കഴിയാത്ത ഏതെങ്കിലും പദ്ധതികൾ മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ അതിന്റെ പഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

## <u>വാരിയം, ഉറിയൻപെട്ടി ഉന്നതികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം</u>

630 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യത്തെ തുടർന്ന് വാരിയം, ഉറിയംപെട്ടി ഉന്നതികളിലെ 218 കുടുംബക്കാരെ പുനരധിവസിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 523 ഏക്കർ സ്ഥലത്തെ പുനരധിവാസം പൂർത്തിയായോയെന്നറിയിക്കാമോ ;

(ബി) ഇല്ലെങ്കിൽ പൂർത്തിയാക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

(സി) കോതമംഗലം നിയോജക മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, വാരിയം ഉൾപ്പെടെയുള്ള ആദിവാസി ഉന്നതിയിലേക്കും കല്ലേലിമേട് പ്രദേശത്തെയും ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ബ്ലാവന പാലത്തിന്റെ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

## ആദിവാസി ഗോത്ര വിഭാഗക്കാരായ മെൻറർ അധ്യാപകർ

631 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികൾക്ക് പിന്തുണ നൽകാനായി നിയമിച്ച ആദിവാസി ഗോത്ര വിഭാഗക്കാരായ മെന്റർ അധ്യാപകരെ പിരിച്ചുവിട്ടു എന്ന ആരോപണം അടിസ്ഥാനരഹിതമാണോ; വ്യക്തമാക്കുമോ;

(ബി) എത്ര വർഷത്തെ കരാറിലാണ് ഓരോ വർഷവും മെന്റർ അധ്യാപകരെ നിയമിക്കുന്നതെന്നും നിലവിൽ എത്ര പേരാണ് ടി തസ്തികയിൽ ഉണ്ടായിരുന്നതെന്നും വിശദമാക്കുമോ;

(സി) അഭിമുഖം നടത്തി ഏറ്റവും യോഗ്യരായവരെ തന്നെ മെന്റർ അധ്യാപകരായി പുതിയ അധ്യയന വർഷത്തേക്ക് നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവരുടെ വ്യവസായ സംരംഭങ്ങൾ

632 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വ്യവസായ സ്ഥാപനങ്ങളോ സംരംഭങ്ങളോ ഇല്ലായെന്ന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത വിഷയം അന്വേഷണവിധേയമാക്കി, സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

## <u>പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമപദ്ധതികൾ</u>

633 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിലെ നവജാത ശിശുമരണം തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പോഷകാഹാര കുറവുകൊണ്ടും ചികിത്സ വേണ്ട സമയത്ത് ലഭിക്കാത്തതുകൊണ്ടും ഉണ്ടാകുന്ന മാതൃ-ശിശു മരണങ്ങൾ തടയുന്നതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം അവരെ സ്വയം പര്യാപ്തരാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച തുക</u>

634 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26സർക്കാരുകളുടെ കാലയളവിൽ പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച ഫണ്ടിൽ നിന്ന് മറ്റ് ആവശ്യങ്ങൾക്കായി തുക വകമാറ്റിയിട്ടുണ്ടോ; എങ്കിൽ വർഷം, തുക, ആവശ്യത്തിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ബജറ്റിൽ അനുവദിച്ച ഫണ്ടിൽ ഗണ്യമായ തുക ഓരോ വർഷവും ചെലവഴിക്കാതെ ലാപ്സായതായോ ട്രഷറി നിയന്ത്രണങ്ങൾ മൂലം തടസ്സപ്പെട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന നടപ്പാക്കേണ്ടിയിരുന്ന ഏതെല്ലാം പദ്ധതികളാണ് ഫണ്ടിന്റെ അപര്യാപ്തത മൂലം പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തത് ; പദ്ധതി, തുക, വർഷം എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ഭവനനിർമ്മാണം, തൊഴിൽ, സ്വയംതൊഴിൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലെ പദ്ധതികൾക്കുള്ള ഫണ്ട് വിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയും വർഷവും തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ**

635 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2021-22 മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച സഹായം, എണ്ണം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം**

636 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ, പുതുക്കാട് പഞ്ചായത്ത് ചെങ്ങാലൂർ ദേശത്ത് ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ. ഐ. എം. മോഹനന്റെ അപേക്ഷ പരിഗണിച്ച് ടിയാന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

637 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച താമരക്കുളം പുന്നക്കുറ്റി നഗർ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ടി പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പാലമേൽ ഗ്രാമപഞ്ചായത്തിലെ പുലിക്കുന്ന് നഗർ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ടി പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം നല്കിയ വീടുകൾ

638 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട് ,എത്ര വീടുകൾ ഇതിനകം പൂർത്തിയായിട്ടുണ്ട്, ഇനി എത്ര വീടുകൾ പൂർത്തിയാക്കാനുണ്ട് എന്നിവ വിശദമാക്കാമോ;

(ബി) നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പദ്ധതികൾക്കായി ലൈഫ് പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ

ഉദ്ദേശിക്കുന്നുണ്ടോ,എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

639 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മുതുകട, പള്ളിക്കര, പാറക്കടവ് ഗ്രാമങ്ങളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

640 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഏതൊക്കെ ഉന്നതികളിലാണ് വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ആയത് നടപ്പിലാക്കി വരുന്നത്; ഓരോ ഉന്നതികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ നിലവിലെ ഭൗതിക, സാമ്പത്തിക പുരോഗതി എത്രത്തോളമാണെന്ന് ഉന്നതികൾ തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇനിയും ഭരണാനുമതി/ സാങ്കേതികാനുമതി ലഭിക്കാനുള്ളതോ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനുള്ളതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവ വൈകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമങ്ങളിലെ ബാക്കിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാമാക്കാമോ?

## കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഉള്ള നിർമ്മാണ പ്രവർത്തനം

641 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തനം ആരംഭിച്ച പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ നിർമ്മാണ പൂർത്തീകരണം എന്ന് സാധിക്കുമെന്ന് വിശദമാക്കാമോ ;

(ബി) ഉന്നതികളുടെ പേരും നിർമ്മാണ പുരോഗതിയും പ്രത്യേകം വിശദമാക്കാമോ;

(സി) കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## പട്ടയം ലഭിക്കുന്നതിന് നടപടി

642 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിൽ മിച്ച ഭൂമിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇതുവരെയും പട്ടയം ലഭ്യമായിട്ടില്ല എന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും വനം, റവന്യൂ വകുപ്പുകൾ ഉന്നയിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ പഠിച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ;

(സി) ഈ പ്രദേശത്തെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് പട്ടയം ലഭിക്കാത്ത പ്രശ്നം നേരിടുന്നത് എന്നതു വിശദമാക്കാമോ?

## പട്ടികജാതിക്കായുള്ള ഭവന പദ്ധതി

643 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനും ഭവനത്തിന്റെ പുനരുദ്ധാരണത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതിക്കാർക്കായി അനുവദിച്ച വീടുകളിൽ പണിപൂർത്തിയാകാത്തതും പണി ആരംഭിക്കാത്തതുമായ വീടുകൾ ഉണ്ടോ; എങ്കിൽ ഈ വീടുകളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് സഹായം ലഭ്യമാക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

644 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം, മൂർദ്ധാവ് എന്നീ പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2026-2027 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പുനലൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

645 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പട്ടികജാതി നഗറുകളിലാണ് പ്രസ്തുത പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂർ മണ്ഡലത്തിൽ ഓരോ പട്ടികജാതി നഗറുകളിലും നടന്നുവരുന്ന പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏത് വകുപ്പിനാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) പുനലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച ഏതെങ്കിലും പട്ടികജാതി നഗറുകളിൽ പ്രവൃത്തികൾ ആരംഭിക്കാനുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

## <u>പട്ടിക ജാതി പട്ടിക വർഗ്ഗ നഗറുകളുടെ നവീകരണം</u>

646 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ എത്ര പട്ടിക ജാതി , പട്ടിക വർഗ്ഗ നഗറുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിലെ പട്ടിക ജാതി, പട്ടിക വർഗ്ഗ നഗറുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ ;

(സി) ഓരോ നഗറിനും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ, ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും കൃഷിസ്ഥലവും</u>

647 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീടും കൃഷി സ്ഥലവും നഷ്ടപ്പെട്ട്, വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ ഷെഡുകളിൽ ശുചിമുറിയോ കുടിവെള്ള സൗകര്യങ്ങളോ ഇല്ലാതെ ദുരിത ജീവിതം നയിക്കുന്ന നിലമ്പൂർ- പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തരിപ്പപൊട്ടി, കുമ്പളപ്പാറ, കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ്, പട്ടിക്കല്ല് എന്നീ ഉന്നതികളിലെ മുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലവും കൃഷിഭൂമിയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2018-ലെ പ്രളയത്തിൽ പുന്നപ്പുഴക്ക് കുറുകെയുള്ള ഇരുമ്പുപാലവും വീടുകളും തകർന്ന് വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചകൊല്ലി, അളക്കൽ ഉന്നതിക്കാർ കഴിഞ്ഞ 8 വർഷമായി പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട് കഴിയുന്ന ദുരവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നും ഇത് പരിഹരിക്കുവാൻ ട്രൈബൽ കണക്ടിവിറ്റിയിൽ ഉൾപ്പെടുത്തി അളക്കൽ പുഞ്ചക്കൊല്ലി പാലം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## കുന്നത്തൂർ മണ്ഡലത്തിലെ പട്ടിക ജാതി ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനം

648 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ പത്തുവർഷത്തിനിടെ അനുവദിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അവശേഷിക്കുന്ന വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## അംബേദ്കർ ഗ്രാമ പദ്ധതി

649 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ഉന്നതികളിൽ അംബേദ്കർ ഗ്രാമ പദ്ധതി നടപ്പിലാക്കിയെന്നും, എത്ര ഉന്നതികളിൽ നടപ്പിലാക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**ചേലക്കര പട്ടികജാതി നഗറുകളുടെ വികസനം**

650 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകൾ ഉണ്ടെന്നും ഓരോ നഗറിലും ഏത്ര കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ചേലക്കര നിയോജക മണ്ഡലത്തിൽ മറ്റു നിയോജക മണ്ഡലങ്ങളെ അപേക്ഷിച്ച് കൂടുതൽ പട്ടികജാതി നഗറുകൾ ഉള്ളത് കണക്കിലെടുത്ത് വികസന പദ്ധതികൾക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

651 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുത്വാപ്പുഴ മലവേടൻ ട്രൈബൽ ഉന്നതി, തമരപാറ പട്ടികവർഗ്ഗ ഉന്നതി, പൂഞ്ചവയൽ 504 ഉന്നതി, ഇടക്കുന്നം സി.എസ്.ഐ. ഉന്നതി എന്നിവിടങ്ങളിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

652 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ ലഹരി വ്യാപനം**

653 **ശ്രീ. കെ. പ്രവീണ്‍ കുമാര്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി, പട്ടികവര്‍ഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ ഉന്നതികളില്‍ സ്ത്രീകളില്‍ ഉള്‍പ്പെടെ ലഹരി വ്യാപനം ഉണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) വരുമാനത്തിന്റെ ഭൂരിഭാഗവും ലഹരിക്കായി ഉപയോഗിക്കുന്നത് ഇവരുടെ കുടുംബ ജീവിതത്തെ ബാധിക്കുന്നത് തടയാനായി ബോധവല്‍ക്കരണ പരിപാടികള്‍ ആവിഷ്ക്കരിക്കാമോയെന്ന് വ്യക്തമാക്കാമോ ;

(സി) ഉന്നതികളിലേക്ക് പുറത്തുനിന്ന് എത്തുന്നവരെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏര്‍പ്പെടുത്താമോയെന്ന് വിശദമാക്കാമോ?

## ഉന്നതി സ്കോളര്‍ഷിപ്പ് പദ്ധതി

654 **ശ്രീ. കെ. രാജന്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി, പട്ടികവര്‍ഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദേശ പഠനത്തിനായുള്ള ഉന്നതി സ്കോളര്‍ഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വര്‍ഷ കാലയളവില്‍ എത്ര വിദ്യാര്‍ത്ഥികള്‍ക്ക് അവസരങ്ങള്‍ ലഭ്യമാക്കിയിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വിദേശ സര്‍വ്വകലാശാലകളുടെ ഏതൊക്കെ കോഴ്സുകള്‍ക്കാണ് അനുമതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്ക് സര്‍ക്കാര്‍ ഗ്രാന്റ്

655 **ശ്രീ. ആര്യാടന്‍ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി, പട്ടികവര്‍ഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നിലമ്പൂര്‍ നിയോജക മണ്ഡലത്തില്‍ ഉള്‍പ്പെടുന്ന പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്ക് സര്‍ക്കാരിന്റെ അനുവദനീയമായ ഗ്രാന്റ് മുടങ്ങിയിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ, എങ്കില്‍ ആയത് അടിയന്തരമായി അനുവദിക്കുവാനുള്ള നടപടികള്‍ സ്വീകരിക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

656 **ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കു നൽകി വരുന്ന സ്കോളർഷിപ്പ് ഇനത്തിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഠനകാലത്തു തന്നെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ഇ-ഗ്രാന്റ്സ്

657 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2026 വരെയുള്ള കാലയളവിൽ പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പുകൾ മുഖേന ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഓരോ വർഷവും ആകെ വിതരണം ചെയ്ത തുക എത്രയാണെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

## പട്ടികവർഗ്ഗ പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം

658 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് പുറത്തും വിദേശത്തുമുള്ള സർവ്വകലാശാലകളിൽ ഉന്നതവിദ്യാഭ്യാസം തേടുന്നതിന് പട്ടികജാതി-

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ?

**<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ധനസഹായം</u>**

659 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ഉന്നത പഠനത്തിനായി പോകുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് കോഴ്സ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>**

660 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളെല്ലാം തുടരുന്നതിനോ പുനരാവിഷ്കരിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ ഉണ്ടായ പുരോഗതിയും മാറ്റങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ</u>**

661 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## ഗോത്രബന്ധു പദ്ധതി

662 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രബന്ധു പദ്ധതി നടപ്പ് അദ്ധ്യയന വർഷം നടപ്പിലാക്കാത്തത് മൂലം പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പിരിച്ചുവിട്ട പ്രായോഗിക പരിചയമുള്ളവരും പരിചയ സമ്പന്നരുമായ മെന്റർമാരെ പുനർ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റൽ

663 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## അക്രെഡിറ്റഡ് എഞ്ചിനീയർമാരുടെ നിയമനം

664 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ആളുകളെയാണ് അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ സംവരണത്തിനും നടപടി

665 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി, യു.പി.എസ്.സി അടക്കമുള്ള മത്സരപരീക്ഷകൾക്കുള്ള പരിശീലനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പലപ്പോഴും സാമ്പത്തികമായും പ്രാദേശികമായും അപ്രാപ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വിഭാഗത്തിലുള്ളവർക്ക് മത്സരപരീക്ഷകൾക്ക് പരിശീലനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മോഡൽ റസിഡൻഷ്യൻ സ്കൂളുകൾ ആധുനികവത്കരിക്കുന്നതിനും സ്മാർട്ട് ക്ലാസ്റൂമുകളും കമ്പ്യൂട്ടർ പരിശീലനത്തിന് മതിയായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും സ്കൂൾതലം മുതൽ നൈപുണ്യ വികസനത്തിനുള്ള സാധ്യതകൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം നിർദ്ദിഷ്ട തോതിൽ ഇല്ലാത്ത തൊഴിൽമേഖലകളും തസ്തികകളും കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുന്നതിനും തൊഴിൽമേഖലയിലെ സംവരണാനുകൂല്യം ഫലവത്തായി നടപ്പിലാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നടന്നിട്ടുള്ള നിയമനങ്ങൾ

666 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ കരാർ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള ശമ്പളവും മറ്റ് അലവൻസുകളും എത്രയായിരുന്നുവെന്നുള്ള വിവരവും ജില്ലയും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള ശമ്പളവും മറ്റ് അലവൻസുകളും എത്രയായിരുവെന്നുള്ള വിവരവും, ജില്ലയും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ട ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും, ജില്ലയും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടെന്നും അപ്രകാരം നിയമിതരായ വ്യക്തികൾ ആരെല്ലാമായിരുന്നുവെന്നും ഏതെല്ലാം തസ്തികകളിൽ നിന്നായിരുന്നു അവർ നിയമിക്കപ്പെട്ടത് എന്നും വിശദമാക്കാമോ?

## <u>വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ</u>

667 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21,2021-26 സർക്കാരിന്റെ കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>ഉന്നതി വികസനത്തിനായുള്ള സർക്കാർ പദ്ധതികൾ</u>

668 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ ജനസംഖ്യ ജില്ല, താലൂക്ക്, വില്ലേജ്, ഉന്നതി എന്നിവ തിരിച്ച് വിശദാംശം അറിയിക്കാമോ;

(ബി) കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ജനസംഖ്യ ജില്ല, താലൂക്ക്, വില്ലേജ്, ഉന്നതി എന്നിവ തിരിച്ച് വിശദാംശം അറിയിക്കാമോ;

(സി) ഉന്നതി വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക

669 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മേലുകാവ് അംബേദ്ക്കർ ഗ്രാമം പദ്ധതി

670 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പുതിയ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

671 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയതും ബഡ്ജറ്റുകളിൽ 20% തുക

വകയിരുത്തിയതിനുശേഷം ഭരണാനുമതി ലഭിക്കാത്തതുമായ പദ്ധതികൾ, പദ്ധതിയുടെ പേര്, പദ്ധതിക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ ഉത്തരവുകളുടെ നമ്പർ, തീയതി, ബജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി നൽകാത്ത പദ്ധതികൾ, അവയുടെ തുക എന്നിവ പട്ടിക തിരിച്ച് നൽകാമോ?

**<u>അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>**

672 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

673 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഉന്നതികൾ ഏതൊക്കെയാണെന്നും ഏത് ഏജൻസി മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും ഏത് വർഷം സർക്കാർ ഉത്തരവ് ലഭ്യമായ പദ്ധതിയാണെന്നുമുള്ള വിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഉത്തരവായതിനു ശേഷവും ഇതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഏതെങ്കിലും ഉന്നതികൾ മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

**<u>ആദിവാസി കുടുംബങ്ങളെ ജനവാസമേഖലകളിലേക്ക് പുനരധിവസിപ്പിക്കുന്ന പദ്ധതി</u>**

674 **ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ ജനവാസമേഖലകളിലേക്ക് സ്വമേധയാ പുനരധിവസിപ്പിക്കുന്നതിനു പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ സേവനങ്ങളാണ് പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് നൽകുന്നതെന്നും പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് ഉപജീവനമാർഗങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ജീവനോപാധിയും കുട്ടികൾക്ക് വിദ്യാഭ്യാസവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഐശ്വര്യ ഗ്രാമം പദ്ധതി

675 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐശ്വര്യ ഗ്രാമം പദ്ധതിയെകുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ; പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്; വിശദമാക്കാമോ;

(ബി) പദ്ധതിയിൽ മുൻഗണന നൽകി നടപ്പാക്കുന്നത് ഏതെല്ലാമെന്നും ഓരോന്നിനും അനുവദിക്കുന്ന തുകയും വിശദമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ ഐശ്വര്യ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതികൾ വിശദമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

676 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ 2021-26 കാലയളവിൽ ഏതെല്ലാം നഗറുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും പുരോഗതി വ്യക്തമാക്കാമോ?

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

677 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി ഉന്നതികൾക്കാണ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമായ പട്ടികജാതി ഉന്നതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സാമൂഹിക പഠന മുറികളുടെ പ്രവർത്തനം

678 **ശ്രീ. പി .എം. എ. സമീർ**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ആരംഭിച്ച സാമൂഹിക പഠനമുറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചെലവിനുള്ള തുകയും യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; വിശദമാക്കാമോ;

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം

679 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ശിശുമരണങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## പട്ടികവർഗ്ഗ,പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി,ഭവനം എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ

680 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഭൂരഹിതരായ എത്ര കുടുംബങ്ങൾ ഉണ്ടെന്നും ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട് എന്നും തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ പെട്ടവർക്ക് ഭൂമി,ഭവനം എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം

681 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും, ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനും തുക

അനുവദിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ</u>**

682 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനമില്ലായ്മ അവിടെയുള്ളവർക്ക് കടുത്ത പ്രതിസന്ധികൾ നേരിടുന്നതിന് കാരണമാകുന്നു എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി (റോഡ്, കുടിവെള്ളം, ഭവന പുനരുദ്ധാരണം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ കനത്ത മഴയെത്തുടർന്ന് വീടുകൾ ചോർന്നൊലിക്കുകയും വെള്ളം കയറി കുട്ടികളുടെ പുസ്തകങ്ങൾ നശിക്കുകയും ചെയ്യുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അടിയന്തിര സഹായത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

**<u>നെടുമങ്ങാട് മണ്ഡലത്തിലെ ഉന്നതികളുടെ നവീകരണം</u>**

683 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ നെടുമങ്ങാട് മണ്ഡലത്തിലെ ഉന്നതികളുടെ നവീകരണത്തിനായി ഭരണാനുമതി കിട്ടിയ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, നടന്നുവരുന്ന പദ്ധതികൾ എന്നിവ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; വകുപ്പിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടും ഭരണാനുമതി നൽകാൻ അവശേഷിക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ജില്ലാതലത്തിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ഏതൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വകുപ്പിന്റെ പ്രത്യേക അനുമതി പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ അപ്പോളോ ഉന്നതിയിൽ 117 വീടുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

## <u>പരിശീലന പരിപാടികളും ഇന്റേൺഷിപ്പും</u>

684 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം പരിശീലന പരിപാടികളും ഇന്റേൺഷിപ് പദ്ധതികളുമാണ് നടത്തിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേകം തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ?

## <u>കുന്നത്തൂർ മണ്ഡലത്തിലെ തൊഴിലവസരങ്ങൾ</u>

685 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജക മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കഴിഞ്ഞ പത്തുവർഷത്തിനിടെ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കുന്നത്തൂർ നിയോജക മണ്ഡലത്തിൽ തൊഴിൽ മേളകളും നൈപുണ്യ വികസനകേന്ദ്രങ്ങളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

## സ്കിൽ പാർക്ക്

686 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിന്റെ ഹബ്ബായ കോതമംഗലം നിയോജകമണ്ഡലത്തിൽ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ കണ്ടെത്താനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി സ്കിൽ പാർക്ക് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

## മടിക്കൈ, കോടോത്ത് ഗവ: ഐ. ടി. ഐ -കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

687 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. -കളിൽ തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിക്കൈ ഗവൺമെന്റ് ഐ. ടി. ഐ., കോടോത്ത് ഗവൺമെന്റ് ഐ. ടി. ഐ. എന്നിവിടങ്ങളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വകുപ്പുതല ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വകുപ്പുതല ശിപാർശ പരിഗണിച്ച് പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## വീട്ടമ്മമാർക്ക് നൈപുണ്യ പരിശീലനം

688 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയോജക മണ്ഡലമായ കൈപ്പമംഗലത്തെ തൊഴിലില്ലാത്ത വീട്ടമ്മമാർക്കും ചെറുപ്പക്കാർക്കും വിവിധതരം നൈപുണികൾ വികസിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ ഏതൊക്കെ സൗജന്യ പരിശീലന പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തൊഴിലില്ലാത്ത വീട്ടമ്മമാർക്കും ചെറുപ്പക്കാർക്കും വിവിധതരം നൈപുണികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സൗജന്യ പരിശീലന പദ്ധതികൾ ആവിഷ്കരിക്കാമോ;

(സി) സ്വന്തം വിദ്യാഭ്യാസത്തിന്റെ ചെലവ് സ്വയം കണ്ടെത്തുക എന്ന പുതിയ സംസ്കാരം യുവതലമുറയിൽ കൂടുതലായി കണ്ടുവരികയാണ് ഇത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കലാലയങ്ങളിലും വിദ്യാലയങ്ങളിലും വിദ്യാഭ്യാസത്തോടൊപ്പം ചെയ്യാൻ കഴിയുന്ന വിവിധതരം നൈപുണികൾ ഒഴിവു ദിവസങ്ങളിൽ പരിശീലിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടിയെടുക്കുമോ;

(ഡി) ഓട്ടിസം, സെറിബ്രൽ പാൾസി പോലുള്ള ഗുരുതര രോഗം ബാധിച്ച കുട്ടികളുടെ അമ്മമാർക്ക് വീട്ടിൽ നിന്നും പുറത്തിറങ്ങാനോ തൊഴിൽ ചെയ്യാനോ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള അമ്മമാരെ കുറിച്ച് പ്രത്യേകമായ പഠനം നടത്തി ഈ കുട്ടികളുടെ സാന്നിധ്യത്തിൽ വീട്ടിൽ തന്നെയിരുന്നു ചെയ്യാൻ സാധിക്കുന്ന നൈപുണികൾ സൗജന്യമായി പരിശീലിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## നൂറ് ദിന കർമ്മപദ്ധതി

689 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനായി വനം വകുപ്പ് പ്രഖ്യാപിച്ച നൂറ് ദിന കർമ്മപദ്ധതിയുടെ ലക്ഷ്യങ്ങളും ഇതിലൂടെ നടപ്പാക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി നൂറ് ദിവസത്തിനകം നൂറ് കിലോമീറ്റർ പുതിയ സൗരോർജ്ജ വേലികൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നതിൽ ഏതൊക്കെ ഹൈ റിസ്ക് മേഖലകൾക്കാണ് മുൻഗണന നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആനകൾ മരങ്ങൾ തള്ളിയിട്ട് സൗരോർജ്ജ വേലികൾ തകർക്കുന്നത് തടയാൻ വനാതിർത്തികളിൽ കാട്ടുകൾ വെട്ടിത്തെളിക്കുന്ന വിസ്റ്റ ക്ലിയറൻസ് പദ്ധതിയുടെ വിശദാംശം എന്തെല്ലാമാണ്; ഇതിനായി എം.എൽ.എ., എം.പി. ഫണ്ടുകളും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വനാതിർത്തികളിലെ സോളാർ വേലികളുടെ തകരാറുകൾ തത്സമയം കണ്ടെത്താനും പൊതുജനങ്ങൾക്ക് ഇതിന്റെ നിരീക്ഷണം സാധ്യമാക്കാനുമായി ഏർപ്പെടുത്തുന്ന കേന്ദ്രീകൃത ഓട്ടോമാറ്റിക് ഫോൾട്ട് ഡിറ്റക്ഷൻ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## <u>വന്യ ജീവി ആക്രമണം</u>

690 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യ ജീവി ആക്രമണത്തിൽ എത്രപേർക്ക് ജീവൻ നഷ്ടമായിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കുപറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണം കാരണം എത്ര രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരമായി എത്ര രൂപ നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ?

## <u>വന്യജീവികളുടെ കണക്കെടുപ്പ്</u>

691 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിലുള്ള വന്യജീവികളുടെ കണക്കെടുപ്പ് അവസാനമായി നടത്തിയത് എന്നാണെന്നും അപ്പോൾ ലഭ്യമായ വന്യജീവികളുടെ കണക്ക് എപ്രകാരമാണെന്നും അറിയിക്കാമോ;

(ബി) കേരളത്തിലെ വനപ്രദേശങ്ങളിൽ നിലവിലുള്ള വന്യജീവികളുടെ സ്ഥിതിവിവര കണക്ക് സർക്കാരിന്റെ കൈവശമുണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ;

(സി) കേരളത്തിലെ വനപ്രദേശങ്ങൾക്ക് ഉൾക്കൊള്ളാവുന്നതിലും അധികം വന്യജീവികൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വന്യജീവികൾക്ക് അവരുടെ ജീവിത സന്ധാരണത്തിന് ആവശ്യമായ വിഭവങ്ങൾ വനത്തിൽ നിന്ന് ലഭ്യമാകാത്തതുകൊണ്ടാണോ അവർ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ വനമേഖലയിൽ വന്യജീവികൾ അനിയന്ത്രിതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നത് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ജി) വനപ്രദേശങ്ങളിൽ കാട്ടാനകൾ ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിനും വനാതിർത്തിക്ക് പുറത്തേക്ക് അവ എത്തിച്ചേരുന്നത് നിയന്ത്രിക്കുന്നതിനും എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## വന്യജീവി സംഘർഷം

692 **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനിടെ വന്യജീവി ആക്രമണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) മുൻ വർഷങ്ങളിൽ നടപ്പാക്കിയ സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ എത്രമാത്രം പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവ കൃത്യമായി പരിപാലിക്കുന്നതിൽ കഴിഞ്ഞകാലങ്ങളിൽ വീഴ്ചപറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വന്യജീവി സംഘർഷം കുറയ്ക്കുന്നതിൽ കഴിഞ്ഞ പത്ത് വർഷം നടപ്പിലാക്കിയ പ്രതിരോധ നടപടികൾ പൂർണമായും പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വനാതിർത്തികളിൽ ശാസ്ത്രീയവും സ്ഥിരവുമായ പ്രതിരോധസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം</u>

693 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം വർഷം തിരിച്ചു ലഭ്യമാക്കാമോ; ഇവർക്കു എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് കഴിഞ്ഞ 10 വർഷത്തിനിടെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ വർഷം തിരിച്ചുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വന്യ ജീവി ആക്രമണത്തിൽ കൃഷി നാശം സംഭവിച്ചവരുടെ എണ്ണം വർഷം തിരിച്ചു ലഭ്യമാക്കാമോ; ഇവർക്കു എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

## <u>തൂക്ക് സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പുരോഗതി</u>

694 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽ ആരംഭിച്ച ഇക്ക് സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കോന്നി ഫോറസ്റ്റ് ഡിവിഷനിൽ നിലവിലുള്ള സോളാർ ഫെൻസിംഗുകളുടെ അറ്റകുറ്റപ്പണിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## <u>വന്യജീവി ആക്രമണം</u>

695 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകർക്ക് വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധസഹായം നൽകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; അപ്രകാരം മണ്ഡലത്തിലെ എത്ര കർഷകർക്ക് ധനസഹായം നൽകിയെന്നും ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കിഴക്കഞ്ചേരി പഞ്ചായത്തിലെ വണ്ടാഴി വില്ലേജിൽ മിച്ച ഭൂമിയിൽ താമസിക്കുന്നവർക്ക് വനം വകുപ്പിന്റെ എതിർപ്പ് കാരണം ഇതേ വരെ പട്ടയം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിലെ തടസങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുകൾ</u>

696 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യ ജീവി വകുപ്പ് പ്രസിദ്ധീകരിക്കുന്ന വാർഷിക റിപ്പോർട്ടുകളായ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ പ്രസിദ്ധീകരിക്കുന്നുണ്ടോ;

(ബി) നിലവിൽ ഏതു വർഷം വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) രണ്ട് റിപ്പോർട്ടുകളും സംയോജിപ്പിച്ചുകൊണ്ട് വാർഷിക റിപ്പോർട്ട് എന്ന പേരിൽ ഒറ്റ റിപ്പോർട്ടായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം

697 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും നിലവിൽ അനുവദിക്കുന്ന നഷ്ടപരിഹാരം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ നഷ്ടപരിഹാര ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

(സി) വന്യജീവി ആക്രമണത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ച ധനസഹായവും ആശ്രിതർക്കുള്ള ജോലിയും സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സാമൂഹിക വനവൽക്കരണ പദ്ധതി

698 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ സമൂഹത്തിനുപകരിക്കുന്ന മരങ്ങൾ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

**വനഭൂമി സംരക്ഷണം**

699 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നശിച്ചുകൊണ്ടിരിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനും മരം നട്ടുപിടിപ്പിക്കുന്നതിനും മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വേണ്ടി 2021 - 2022 മുതൽ 2025 - 26 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ സ്വീകരിച്ച നടപടികളും അവയ്ക്കുവേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

**ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

700 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവസമ്പത്തിനെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ മനുഷ്യ - വന്യജീവി സംഘർഷത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കുമോ; ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വനമേഖലയുടെ സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനും പ്രത്യേക പദ്ധതികൾ ആലോചനയിലുണ്ടോ; ഔഷധസസ്യങ്ങളുടെയും ഉപയോഗപ്രദമായ വനസസ്യങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്നതിനും മണ്ണൊലിപ്പ് പോലെയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പരിസ്ഥിതി - വന സംരക്ഷണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

**തട്ടേക്കാട് പക്ഷിസങ്കേതം**

701 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ സംരക്ഷിത പ്രദേശത്തുനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**വനംവകുപ്പിന്റെ നൂറുദിന കർമ്മപരിപാടികൾ**

702 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ നൂറുദിന കർമ്മപരിപാടികൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വനാതിർത്തിയിൽ 1900 കിലോമീറ്റർ സൗരോർജ്ജ വേലി കൂടി നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(സി) മനുഷ്യ - വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അതിവേഗസേവനം ഉറപ്പാക്കുന്നതിനായി വനംവകുപ്പ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫോറസ്റ്റ് കോൾ സെൻറർ ആരംഭിക്കുമോ; വിശദമാക്കുമോ?

**വനാവകാശ നിയമപ്രകാരം ഭൂമി നൽകൽ**

703 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് നോർത്ത് സൗത്ത് ഡിവിഷനുകളുടെ കീഴിൽ വനാവകാശ നിയമപ്രകാരം ഇനിയും ഭൂമി ലഭിക്കുവാൻ അർഹരായ ഗുണഭോക്താക്കളുണ്ടോ; ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് എത്രയുംവേഗം വനാവകാശ നിയമപ്രകാരമുള്ള ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>വനം വകുപ്പിന്റെ ആധുനികവൽക്കരണം</u>**

704 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. കെ. രാജൻ**

**ശ്രീ. സി. അജയപ്രസാദ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അടിസ്ഥാനസൗകര്യവും വികസനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി വനമേഖലയിലും സ്വകാര്യഭൂമികളിലും വൃക്ഷസമൃദ്ധി വർധിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനം വകുപ്പ് നടപ്പിലാക്കിവരുന്ന വൃക്ഷസമൃദ്ധി, വിദ്യാവനം, നഗരവനം തുടങ്ങിയ ജനകീയ പദ്ധതികൾ തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ആരംഭിച്ച ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡനിൽ പൊതുജനങ്ങളുടെ പ്രവേശനം</u>**

705 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയത്തെ ഹോർത്തുസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡനിൽ (ഇട്ടി അച്യുതൻ മെമ്മോറിയൽ ഹോർത്തുസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ) പൊതുജനങ്ങളെ പ്രവേശിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് എന്നു മുതൽ പ്രവേശനം/ സന്ദർശനം അനുവദിക്കുവാനാകും എന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് സന്ദർശനാനുമതി നിഷേധിക്കുവാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ?

**<u>കാർഷിക വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

706 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുക, സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ലക്ഷ്യത്തിലേക്ക് നയിക്കുക, പ്രാദേശിക വിപണിയിൽ തടിയുടെ വിതരണത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്വന്തം ഭൂമിയിൽ മരം നടാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ 'ട്രീ ബാങ്കിംഗ് സ്കീം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പും പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) കാർഷിക വനവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ 'വൃക്ഷ സമൃദ്ധി പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>വന്യജീവി ആക്രമണ മേഖലകളിലെ ജനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി</u>**

707 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലകളോടു ചേർന്ന പ്രദേശങ്ങളിലെ കർഷകർക്കും വന്യജീവിശല്യമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിലെ വനപ്രദേശങ്ങളുടെ മൃഗവാഹകശേഷിയെക്കുറിച്ച് (ക്യാരിയിങ് കപ്പാസിറ്റി) പഠനം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## സ്വാഭാവിക വനവൽക്കരണം

708 **ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്വേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശി മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവയ്ക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചു പിടിപ്പിച്ചാൽ വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഈ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വനമേഖലകളിലെ വികസന പദ്ധതികൾ

709 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വനമേഖലകളിൽ കഴിഞ്ഞ 5 വർഷത്തിനിടെ നടപ്പാക്കിയ വികസന പദ്ധതികൾ

എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വനമേഖലകളിൽ ഇനി എത്ര കിലോമീറ്റർ ദൂരം ഫെൻസിംഗ് സ്ഥാപിക്കേണ്ടതുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് കടന്നു കയറി ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനായി ഫെൻസിംഗ് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പുനലൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

710 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആർ. കെ. വി. വൈ. പദ്ധതി പ്രകാരം 29.20 ലക്ഷം രൂപ വിനിയോഗിച്ച് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായുള്ള നടപടികളുടെ അക്രെഡിറ്റഡ് ഏജൻസി ആരാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(ബി) തെന്മല ഫോറസ്റ്റ് മേഖലയിൽ, ആനക്കിടങ്ങ് പ്രായോഗികമല്ലാത്ത ഭാഗത്ത് 15 കി. മീ. ദൂരം സോളാർ വേലി നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട വനാതിർത്തിയിലെ മനുഷ്യ - വന്യജീവി സംഘർഷം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വനാതിർത്തികളിൽ സോളാർ വേലികൾ</u>**

711 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനാതിർത്തികളിലെ സോളാർ വേലികൾ സമ്പൂർണ്ണമായി സ്മാർട്ട് ഫെൻസുകളാക്കുന്നതുമായി ബന്ധപ്പെട്ട് 2025 ഫെബ്രുവരി മുതൽ തീവ്രയജ്ഞ പരിപാടിയിലൂടെ എത്ര കിലോമീറ്റർ വേലികൾ പ്രവർത്തനക്ഷമമാക്കി എന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) വന്യജീവി സംഘർഷ നിവാരണത്തിനായി സംസ്ഥാനത്തുടനീളം വിന്യസിച്ച ദ്രുതകർമ്മ സേനകളുടെ വിശദാംശം അറിയിക്കാമോ;

(ഡി) ദ്രുതകർമ്മ സേനകളുടെ പ്രവർത്തന മികവിനായി മുൻ സർക്കാർ അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് വാങ്ങിയ ആധുനിക ആയുധങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

## <u>കാട്ടാനകൾക്ക് തീറ്റയും കുടിവെള്ളവും</u>

712 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാട്ടാനകൾ ഉണ്ടെന്നാണ് വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ കുറച്ച് കാലങ്ങളായി തീറ്റയ്ക്കും കുടിവെള്ളത്തിനുമായി കാട്ടാനകൾ ജനവാസ മേഖലയിലേയ്ക്കിറങ്ങി കർഷകരുടെ കൃഷിയും മറ്റും നശിപ്പിക്കുന്നത് കൂടിവരുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിൽ തന്നെ ആനകൾക്ക് തീറ്റയും വെള്ളവും ലഭ്യമാക്കുന്നതിനും തീറ്റയ്ക്കാവശ്യമായ വനവിഭവങ്ങൾ നട്ടു പിടിപ്പിക്കുന്നതിനും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>വനാവകാശ പട്ടയം വിതരണം</u>

713 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊടുമല, പന്തപ്ലാമൂട് വാർഡുകളിലെ പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം വനാവകാശ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വനാവകാശ പട്ടയത്തിന് അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വനാവകാശ പട്ടയത്തിന്മേൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം പരിഗണനയിലുണ്ടെന്നും എത്ര പേർക്ക് ഇതുവരെ പട്ടയം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പട്ടയം ലഭിക്കാൻ അർഹരായ ശേഷിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ പട്ടയം വിതരണം ചെയ്യുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>തൊടുപുഴ മുള്ളരിങ്ങാട് മേഖലയിലെ കാട്ടാന ശല്യം</u>

714 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2021 - 26) ഇടുക്കി ജില്ലയിലെ വന വിസ്തൃതി വർധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കാട്ടാന ശല്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## <u>ഒല്ലൂർ നിയോജക മണ്ഡലത്തിലെ വന്യജീവി ആക്രമണം</u>

715 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകണ്ഡലത്തിലെ പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ എന്നീ പഞ്ചായത്തുകളിൽ വ്യാപകമായ രീതിയിൽ വന്യജീവി ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണം തടയുന്നതിനായി മേഖലയിൽ സോളാർ ഹാങ്ങിങ് ഫെൻസിംഗ് അടക്കമുള്ള സംവിധാനങ്ങൾ അടിയന്തരമായി ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## റാപ്പിഡ് റെസ്പോൺസ് ടീം ഉദ്യോഗസ്ഥരുടെ നിയമനം

716 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസിന് കീഴിലുള്ള റാപ്പിഡ് റെസ്പോൺസ് ടീമിൽ (ആർ.ആർ.ടി.) നിലവിൽ ഒരു ഡെപ്യൂട്ടി റേഞ്ച് ഓഫീസർ മാത്രമാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.ആർ.ടി. -യിലേയ്ക്ക് ആവശ്യമുള്ള രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ആറ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരെ അടിയന്തിരമായി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആർ.ആർ.ടി. -ക്കായി എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിച്ച റെസ്ക്യൂ വാഹനത്തിന് ഡ്രൈവറെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കാട്ടുപന്നി ശല്യം

717 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികൾ നാട്ടിലേക്കിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കാട്ടുപന്നികൾ കൃഷിനാശം വരുത്തിയതും ജനങ്ങളെ ഉപദ്രവിച്ചതും സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ കാട്ടുപന്നി ശല്യം ബാധിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മനുഷ്യജീവനും കൃഷിക്കും ഭീഷണിയാകുന്ന സാഹചര്യങ്ങളിൽ കാട്ടുപന്നികളെ കൊല്ലുവാൻ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് അനുവാദം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ഉപദ്രവകാരികളായ കാട്ടുപന്നികളുടെ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഉപദ്രവകാരികളായ കാട്ടുപന്നികളെ കൊല്ലുവാൻ വിദഗ്ധരായ കൂടുതൽ പേരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗാക്രമണം</u>

718 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, ആർ.കെ.വി.വൈ., എം.ആർ.എം.എ.സി. എന്നിവയിലും മറ്റു പദ്ധതികളിലുമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകൾ ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ എത്ര കിലോമീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്; പ്രസ്തുത ജനവാസ മേഖലയിൽ എത്ര കിലോമീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിക്കുവാനാണ് ബാക്കിയുള്ളത്; വന്യമൃഗാക്രമണം തടയുന്നതിന് സോളാർ പവേർഡ് അലാറം, മോഷൻ ആക്ടിവേറ്റഡ് സ്പ്രിങ്ക്ലേഴ്സ്, അൾട്രാസോണിക് ആനിമൽ റിപ്പലേഴ്സ് എന്നിവ പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) വന്യമൃഗശല്യം ഏറ്റവുമധികം അനുഭവപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെയും ഭൂപ്രദേശത്തിന്റെ മൂന്ന് ഭാഗവും വനാതിർത്തി പങ്കിടുന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിലെയും വന്യമൃഗശല്യം തടയുന്നതിനായി ശക്തിയേറിയ സോളാർ ഹാങ്ങിങ് ഫെൻസിംഗ്, മറ്റ് ആധുനിക സംവിധാനങ്ങളോടു കൂടിയ സോളാർ വേലികൾ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ജനവാസ മേഖലയോടുചേർന്ന വനാതിർത്തിയിൽ അടിക്കാടുകൾ വെട്ടാത്തതിനെ തുടർന്ന് വന്യമൃഗങ്ങളുടെ സാമീപ്യം തിരിച്ചറിയാനാകാതെ ജനങ്ങൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അടിക്കാടുകൾ വെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അടിക്കാടുകൾ വെട്ടുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുടിവെള്ളക്ഷാമവും ഭക്ഷണത്തിന്റെ ലഭ്യതക്കുറവുമാണ് വന്യമൃഗങ്ങൾ പ്രധാനമായും നാട്ടിലിറങ്ങുവാൻ കാരണമെന്നതിനാൽ ഉൾവനത്തിനുള്ളിൽ കുളങ്ങൾ കുഴിച്ച് ജലസ്രോതസ്സുകൾ ലഭ്യമാക്കുന്നതിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണം തടയാൻ നടപടി

719 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യജീവികളുടെ എണ്ണം വനവിസ്തൃതിയ്ക്ക് അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) ഏതെങ്കിലും വനപ്രദേശത്ത് തങ്ങാനാകുന്നതിൽ കൂടുതൽ വന്യമൃഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയാൽ അവയെ മറ്റു പ്രദേശങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ;

(സി) വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വന്യജീവി ആക്രമണങ്ങളിൽ ഇരയായവർക്കുള്ള നഷ്ടപരിഹാരം

720 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. പ്രേമൻ**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2024 മാർച്ചിൽ മനുഷ്യ - വന്യജീവി സംഘർഷത്തെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ 2025 ജൂലൈ മാസം വരെ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്കായി എത്ര കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും കുടിശ്ശികയായ നഷ്ടപരിഹാര തുകയുടെ എത്ര ശതമാനം മുൻ സർക്കാർ കൊടുത്തുതീർത്തുവെന്നും വ്യക്തമാക്കാമോ;

(സി) പാമ്പ് കടിയേറ്റും കടന്നൽ/തേനീച്ച കുത്തേറ്റും മരണം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ നടപടികൾ വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട ആശുപത്രിവാസം, തകർന്ന വീടുകൾ, നാശനഷ്ടം വന്ന വസ്തുക്കൾ, ഉപകരണങ്ങൾ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടാലുള്ള തൊഴിലുറപ്പ്, അന്ത്യകർമ്മങ്ങൾക്കുള്ള നിരക്ക് എന്നിവയുടെ നഷ്ടപരിഹാര വ്യവസ്ഥകൾ വിശദമാക്കാമോ?

## <u>വന്യജീവി ആക്രമണം</u>

721 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തായി വന്യജീവി ആക്രമണം വർദ്ധിച്ച് വരുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലത്തേക്ക് മനുഷ്യരുടെ കടന്നുകയറ്റം വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആക്രമണകാരികളായ വന്യജീവികളുടെ വംശവർദ്ധനവ് തുടർച്ചയായുള്ള ആക്രമണങ്ങൾക്ക് കാരണമാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**ജനവാസ മേഖലകളിലെ കാട്ടാന ശല്യം നേരിടാൻ നടപടി**

722 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്ന ജനവാസ മേഖലകളിലെ കാട്ടാനശല്യം നേരിടാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആനകളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും ജനവാസ മേഖലകളിലെ കാട്ടാന സാന്നിധ്യം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാട്ടാന ശല്യം നേരിടാനായി രൂപീകരിക്കുന്ന സ്പെഷ്യൽ റിസർവ് ഫോഴ്സിന്റെ പ്രവർത്തനം വിശദീകരിക്കാമോ; വന്യജീവി സാന്നിധ്യമുള്ള മേഖലകളിലെ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ പ്രസ്തുത റിസർവ് ഫോഴ്സിന്റെ ഭാഗമാക്കുമോ;

(ഡി) വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലികൾ പലയിടങ്ങളിലും പ്രവർത്തനക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ പ്രവർത്തനക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; കൂടുതൽ പ്രദേശങ്ങളിൽ സൗരോർജ്ജവേലികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**വന്യജീവി ആക്രമണം നേരിടുന്നതിന് നടപടി**

723 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾക്കാണ് രൂപം നൽകുന്നതെന്ന് വിശദമാക്കാമോ?

**വന്യജീവി ആക്രമണം**

724 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തുടർച്ചയായി വന്യജീവി ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**വന്യജീവി ആക്രമണം**

725 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർ എത്രയെന്ന് വിശദമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**

726 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, എച്ചിപ്പാറ, പൊക്കന, നായാട്ടുകുണ്ട്, കാരികുളം, ഇഞ്ചക്കുണ്ട്, എലിക്കോട് തുടങ്ങിയ മേഖലകളിലെ പതിവായുള്ള വന്യജീവി സാന്നിധ്യവും ആക്രമണങ്ങളും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പാലപ്പിള്ളി മേഖലയിൽ ഉൾപ്പെടെ ട്രഞ്ചിംഗ്, ഫെൻസിംഗ്, സൗരോർജ്ജവേലി ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും റാപിഡ്

റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വാഹനം അനുവദിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുമോ?

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സോളാർ ഫെൻസിംഗ്

727 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്ന പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സോളാർ ഫെൻസിംഗ് പദ്ധതി പ്രകാരം വനാതിർത്തികളിൽ സ്ഥാപിച്ച സൗരോർജ്ജ വേലിയുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) വന്യജീവി ആക്രമണം നേരിടുന്ന കൂടുതൽ പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വന്യജീവി ആക്രമണം

728 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ?

## വന്യമൃഗശല്യം തടയാൻ ഫെൻസിംഗ്

729 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയിഞ്ച് ഓഫീസിന്റെ കീഴിൽ വന്യമൃഗശല്യം തടയുന്നതിനായി വനമേഖലയിൽ കിടങ്ങും ഫെൻസിംഗും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ബജറ്റ് തുകയും പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## <u>ചിറ്റാരിപറമ്പ്,കോളയാട് പഞ്ചായത്തുകളിലെ കാട്ടാന ശല്യം</u>

730 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ്, കോളയാട് പഞ്ചായത്തുകളിൽ കാട്ടാന ശല്യവും വന്യജീവി ആക്രമണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ വന്യജീവി ആക്രമണം മൂലമുണ്ടായ കാർഷികവിള നാശങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>വന്യജീവി ആക്രമണം തടയാൻ നടപടി</u>

731 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടാഴ്ച്ചക്കിടെ കേരളത്തിൽ കാട്ടാന ആക്രമണത്തിൽ 5 പേർ കൊല്ലപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(സി) കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കാമോ?

## <u>വന്യജീവി സംരക്ഷണം</u>

732 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണം മൂലം മനുഷ്യജീവനും കൃഷിക്കും നാശം സംഭവിക്കുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനായി '2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ' മുൻ നിയമസഭ പാസാക്കിയത് രാഷ്ട്രപതിക്ക് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമസഭ പാസാക്കി ബഹു. രാഷ്ട്രപതിക്ക് സമർപ്പിച്ചിട്ടുള്ള ബിൽ അനുമതി വാങ്ങുന്നതിന് സർക്കാർ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>കാട്ടാന ആക്രമണം</u>

733 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാന നാട്ടിൽ ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർ എത്ര; പരിക്കേറ്റവർ എത്ര; അവർക്കായി ഇതിനകം സ്വീകരിച്ച സമാശ്വാസ നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

(സി) ഈ സംഭവങ്ങളിൽ എത്ര കർഷകരുടെ വിളകളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും എത്ര രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കാട്ടാനകളുടെ ആക്രമണം

734 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കാട്ടാനകളുടെ ആക്രമണത്തിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് ഇതിനകം ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കുന്നതിനും കാട്ടാനകൾ ജനവാസമേഖലയിലേക്ക് ഇറങ്ങിവരുന്ന പ്രദേശങ്ങൾ പ്രത്യേക സ്ലോട്ടുകളായി തിരിച്ച് വനപാലകരുടെ സേവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണം

735 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് മാസത്തിന് ശേഷം വന്യജീവി ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വിശദമാക്കാമോ;

(ബി) വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം സംഭവിച്ചവർക്കും സർക്കാർ മുഖേന എന്തൊക്കെ നഷ്ടപരിഹാരം നൽകിയെന്ന് വിശദമാക്കാമോ;

(സി) വന്യജീവി ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുന്നതിന് വേണ്ടി പുതുതായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## വന്യജീവി ആക്രമണം

736 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം മൂലം പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നുള്ള സ്ഥലങ്ങളിലെ പൊതുജനങ്ങളുടെ വീടും കൃഷിയിടങ്ങളും നശിച്ചുപോകുന്നത് പതിവായതിനാൽ ഇപ്രകാരം വീടും കൃഷിയും നശിച്ചുപോകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വന്യജീവി ആക്രമണം മൂലം ഭവനം നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുമോയെന്ന് വിശദമാക്കാമോ?

## ചക്കിട്ടപ്പാറ പഞ്ചായത്തിലെ വന്യജീവി ശല്യം

737 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മലയോര മേഖലകളിലെ കർഷകർ നേരിടുന്ന കാട്ടുപന്നി, കുരങ്ങ്, കാട്ടാന മുതലായ വന്യജീവികളുടെ ശല്യം മൂലമുള്ള കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരുകളുടെ കാലങ്ങളിൽ (2016 - 2026) വന്യമൃഗശല്യം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മലയോര മേഖലകളിൽ നിന്നും വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയാൻ സോളാർ ഹാങ്ങിങ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനും ആയത് കാലതാമസമില്ലാതെ

വിതരണം ചെയ്യുന്നതിനും എന്തെല്ലാം പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനുള്ള നടപടികൾ**

738 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യന്റെ ജീവനും സ്വത്തിനും വെല്ലുവിളി ഉയർത്തുന്ന വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വനങ്ങളിലെ ആവാസവ്യവസ്ഥ സംരക്ഷിച്ചും ജലലഭ്യത ഉറപ്പാക്കിയും സുരക്ഷാ സംവിധാനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കിയും ജനവാസകേന്ദ്രങ്ങളിലേക്കുള്ള വന്യമൃഗങ്ങളുടെ വരവ് തടയുന്നതിന് ആസൂത്രിതവും സമഗ്രവുമായ നടപടികൾ സ്വീകരിക്കുമോ;

(സി) മനുഷ്യ- വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മുന്നറിയിപ്പ് സംവിധാനങ്ങളും അടിയന്തിരമായി സഹായം ആവശ്യപ്പെടുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കുമോ; ഇതിനായി സാങ്കേതിക വിദഗ്ധരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും തദ്ദേശവാസികളുടെയും സേവനം ഉപയോഗപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായുള്ള ഫണ്ട് വിനിയോഗം**

739 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ ബജറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സോളാർ ഫെൻസിങ്, ക്രാഷ് ഗാർഡ്, ആനക്കിടങ്ങുകൾ എന്നിവയുടെ നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിൽ എത്ര ശതമാനം ഫണ്ട് വിനിയോഗിച്ചെന്ന് വ്യക്തമാക്കാമോ?

## വനം വകുപ്പിന്റെ 100-ദിന ആക്ഷൻ പ്ലാൻ

740 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് പ്രഖ്യാപിച്ച 100-ദിന ആക്ഷൻ പ്ലാൻ പ്രകാരം വനാതിർത്തികളിൽ നിർമ്മിക്കാൻ ലക്ഷ്യമിടുന്ന പുതിയ 100 കിലോമീറ്റർ സോളാർ ഫെൻസിങ്ങിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് തടയാൻ തയ്യാറാക്കിയ പുതിയ മാസ്റ്റർ പ്ലാനിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## വനങ്ങൾക്ക് വഹിക്കാൻ കഴിയുന്ന വന്യജീവികളുടെ എണ്ണം

741 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങൾക്ക് വഹിക്കാൻ കഴിയുന്ന വന്യജീവികളുടെ എണ്ണത്തെ (ക്യാരീയിംഗ് കപ്പാസിറ്റി) സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച് പഠനം നടത്തുവാൻ നിലവിൽ പദ്ധതികൾ ഉണ്ടോ;

(ബി) നിലവിൽ വനംവകുപ്പിന്റെ അധീനതയിലുള്ള അന്തിമവെട്ട് കഴിഞ്ഞ തോട്ടങ്ങളിൽ വനവൽക്കരണം നടത്തുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

## വന്യ ജീവി ആക്രമണം - നഷ്ടപരിഹാര തുക

742 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യ ജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വന്യ ജീവികൾ നശിപ്പിക്കുന്ന കൃഷി വിളകൾക്ക് വിപണി നിരക്കിന് അനുസൃതമായി നഷ്ട പരിഹാര തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയാൻ ആധുനിക സാങ്കേതികവിദ്യകൾ**

743 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡ്രോണുകൾ, തെർമൽ ക്യാമറകൾ, എസ്. എം. എസ്. അലർട്ടുകൾ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്നും ഈ പദ്ധതികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

**റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം**

744 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ. ആർ. ടി) പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യാൻ നടപടി**

745 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ സ്വാഭാവിക ഭക്ഷണം ഇല്ലാതാക്കുന്ന മഞ്ഞക്കൊന്ന, കമ്മ്യൂണിസ്റ്റ് പച്ച തുടങ്ങിയ അധിനിവേശ സസ്യങ്ങൾ വനത്തിനുള്ളിൽ നിന്ന് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഈ പദ്ധതികളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

746 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) വനം-വന്യജീവി വകുപ്പിന് കീഴിൽ കഴിഞ്ഞ 11 വർഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവർത്തിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**<u>പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി</u>**

747 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കുന്ന പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാമ്പുകളെ പിടികൂടുന്നതിനുള്ള പരിശീലനം ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും പരിശീലനം നേടിയവരിൽ എത്രപേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**<u>മാനന്തവാടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

748 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ വനം വകുപ്പ് മുഖേന എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

**<u>മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കടൽ ക്ഷോഭം തടയുന്നതിനുള്ള നടപടികൾ</u>**

749 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കടൽ ക്ഷോഭം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധ സംഘം പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## പൂരപ്പുഴ റെഗുലേറ്റർ പദ്ധതി

750 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂരപ്പുഴ റെഗുലേറ്റർ പദ്ധതിക്കായി തയ്യാറാക്കിയ ഡി.പി.ആർ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) നബാർഡിൽ നിന്നുള്ള സഹായത്തിനായി നബാർഡിന്റെ 2025-26, 2026-27 വാർഷിക പദ്ധതികളിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ വിശദമാക്കാമോ?

## തോട്ടപ്പള്ളി സ്പിൽവേ നിർമ്മാണം

751 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ കാലപ്പഴക്കം കണക്കിലെടുത്ത് ആധുനിക സംവിധാനങ്ങളോടുകൂടിയ പുതിയ സ്പിൽവേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ബി) പുതിയത് നിർമ്മിക്കുന്നതുവരെ നിലവിലുള്ള സ്പിൽവേയുടെ നാൽപ്പത് ഷട്ടറുകളും പുതുക്കി നിർമ്മിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇപ്പോൾ തുറന്നിരിക്കുന്ന പന്ത്രണ്ട് ഷട്ടറുകൾക്ക് പുറമെ എട്ട് ഷട്ടറുകൾകൂടി തുറന്ന് കുട്ടനാട്ടിൽ നിന്നുള്ള നീരൊഴുക്ക് സുഗമമാക്കുമോ; വിശദമാക്കാമോ;

(ഡി) അഴിമുഖം കൂടുതൽ വികസിക്കുന്നതിനുതകുംവിധം നീരൊഴുക്ക് സംവിധാനം വികസിപ്പിക്കുമോ; വിശദമാക്കാമോ?

## വർദ്ധിച്ചുവരുന്ന പ്രളയ തീവ്രത

752 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പല പ്രദേശങ്ങളിലും വർഷംതോറും പ്രളയ തീവ്രത വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രളയതീവ്രത വർദ്ധിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ നദികളിലെയും ഡാമുകളിലെയും ജലവാഹക ജലസംഭരണ ശേഷി സംബന്ധിച്ച പഠനം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന എക്കലും മണ്ണും പ്രളയ തീവ്രത വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) പ്രളയതീവ്രത കുറയ്ക്കുന്നതിന് സഹായിക്കുന്ന തരത്തിൽ നദികളിലും തോടുകളിലും ജലസംഭരണികളിലും അടിഞ്ഞുകൂടുന്ന എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

**<u>ഡാമുകൾ കേന്ദ്രീകരിച്ച് വിനോദ സഞ്ചാര പദ്ധതി</u>**

753 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനോ അതിന് അനുമതി നൽകുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇക്കോ ടൂറിസം, ജലകായിക വിനോദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഡാമുകളെ കേന്ദ്രീകരിച്ച് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഡാമുകളുടെ ജലാശയങ്ങളോട് ചേർന്നുള്ള ഉപയോഗശൂന്യമായ ഭൂമിയും അനുബന്ധ പ്രദേശങ്ങളും വിനോദസഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഇ) ഡാമുകളിലെ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>ജലനയത്തിൽ പുനർവായന</u>

754 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഗുണനിലവാരവും സുസ്ഥിരമായ ജല ഉപയോഗവും ലക്ഷ്യമിട്ട് ജലനയത്തിൽ കാലാനുസൃതമായ ഒരു പൊളിച്ചെഴുത്ത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) സംയോജിത ജലവിഭവ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാന പ്രതിരോധം എന്നിവ പുതിയ ജലനയത്തിന്റെ ഭാഗമാകുമോ; വിശദമാക്കാമോ;

(സി) ജലാശയങ്ങളുടെ മലിനീകരണവും കയ്യേറ്റവും തടയുന്നതിനും നാശോന്മുഖമായ ജലാശയങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യം വച്ചും പദ്ധതികൾ രൂപപ്പെടുത്തുമോ; വിശദമാക്കാമോ;

(ഡി) ലഭ്യമായ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പുതിയ ലബോറട്ടറികൾ സ്ഥാപിക്കാൻ തയ്യാറാകുമോ; ഇതിനായി പ്രാദേശിക തലത്തിൽ സ്കൂളുകളിലും കോളേജുകളിലും നിലവിലുള്ള ലാബുകൾ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) കുടിവെള്ളക്ഷാമം നേരിടുന്നതിനായി മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നത് പരിഗണിക്കുമോ; ഇതിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ?

## <u>വിവിധ ഇറിഗേഷൻ പദ്ധതികൾ</u>

755 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീകോയി-മംഗളഗിരി-ഒറ്റയീട്ടി റോഡിലെ സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) എയ്ഞ്ചൽവാലി - മൂലക്കയം ഭാഗത്ത് പമ്പാനദിക്ക് കുറുകെ ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈരാറ്റുപേട്ടയിലെ അമൃത് കുടിവെള്ള പദ്ധതി പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ കക്കുറുമ്പം, വള്ളിക്കോട് പാലങ്ങളുടെ നിർമ്മാണം</u>**

756 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ താമരക്കുളം വയ്യാങ്കരച്ചിറയിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കക്കുറുമ്പ് പാലം നിർമ്മാണത്തിന് മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുമോ;

(സി) മാവേലിക്കര ണണ്ഡലത്തിൽ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ വള്ളിക്കോട് പാലം നിർമ്മാണത്തിന് മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;ഭരണാനുമതി ലഭ്യമാക്കുമോ?

**<u>ചിറയിൻകീഴ് മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>**

757 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ വിവിധ മേഖലകളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ജലസേചന പദ്ധതികളിൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നതും, നാളിതുവരെ ആരംഭിക്കാത്തവയും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>

758 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

759 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## <u>കണക്കമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

760 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കണക്കമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്;

വ്യക്തമാക്കാമോ?

## കിടായിച്ചിറ പദ്ധതി

761 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കിടായിച്ചിറ പദ്ധതി പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ തടസപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രവൃത്തിക്കുള്ള തടസങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

762 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് നിലവിൽ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ / നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ എത്ര പദ്ധതികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്; നിലവിൽ എത്ര നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇവയിൽ ഭരണാനുമതി ലഭ്യമാകാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജലവിഭവ വകുപ്പ് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പ്രൊപ്പോസലുകളിൽ ഇനി എത്ര എണ്ണത്തിനാണ് ഭരണാനുമതി ലഭിക്കുവാനുള്ളത്; അവ ഏതെല്ലാം; വിശദമാക്കാമോ?

## പഴയന്നൂർ ചീരക്കുഴി ഇറിഗേഷൻ പദ്ധതി

763 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ചീരക്കുഴി ഇറിഗേഷൻ പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലെ നെൽകൃഷിക്കാണ് ജലസേചന സൗകര്യം ഉറപ്പാക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഈ പഞ്ചായത്തുകളിലെ എത്ര ഏക്കർ നെൽകൃഷിക്കാണ് ജലസേചന സൗകര്യം ലഭ്യമാക്കുന്നത്; കാലപ്പഴക്കത്താലും 2018-ലെ മഹാപ്രളയത്താലും കനാലുകളുടെ സംരക്ഷണഭിത്തിക്ക് ചോർച്ചയും മറ്റും ഉണ്ടായി ജലം ലീക്ക് ചെയ്തുപോകുന്നത് കണക്കിലെടുത്ത് കനാലുകളുടെ സംരക്ഷണഭിത്തി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## <u>ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം</u>

764 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി - മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ നിർമ്മാണം നടത്തിയ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ തകർന്ന അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കി പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

## <u>നദികളിൽ നിന്ന് മണൽ വാരുന്നതിനുള്ള അനുമതി</u>

765 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ നിന്ന് നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ ചാലിയാർ, കടലുണ്ടി പുഴ എന്നീ നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ;

(സി) ഇല്ലെങ്കിൽ കഴിഞ്ഞ പതിനൊന്ന് വർഷമായി നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽകാത്തതിനാൽ നദികളിൽ മണൽ തിട്ടകൾ രൂപപ്പെട്ട് ചെറിയ മഴയ്ക്ക് തന്നെ നദികൾ അപകടകരമാംവിധം നിറഞ്ഞു കവിഞ്ഞൊഴുകുന്നത് തടയുന്നതിനും ,അനധികൃത മണൽ കൊള്ള അവസാനിപ്പിക്കുന്നതിനും വേണ്ടി നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാമോ?

**<u>പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം</u>**

766 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചരിത്രപ്രസിദ്ധവുമായ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ഇടിഞ്ഞുതാഴ്ന്നതിനാൽ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഭക്തരുടെയും പ്രദേശവാസികളുടെയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

**<u>പുഴ നവീകരണം</u>**

767 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി പുഴയുടെ നവീകരണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>സംരക്ഷണ ഭിത്തി നിർമ്മാണം</u>**

768 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് ഏഴിൽ കല്ലിമേൽ കല്ലുവളയം പള്ളിക്കു സമീപം അച്ചൻകോവിലാറിന്റെ ഇടതു കരയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ബജറ്റിൽ മൂന്ന് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

## <u>തലശ്ശേരി നിയോജക മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>

769 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ,മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കുന്ന ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ തോട് നവീകരണം</u>

770 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്,പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ(ജലസേചനം)സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം

ലഭ്യമാക്കുമോ?

## കെ.ഐ.പി. കനാൽ നവീകരണം

771 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജക മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകളുടെ നവീകരണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ പത്തുവർഷ കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയും പൂർത്തീകരിച്ച പ്രവൃത്തികളും ഏതെല്ലാമാണ്;

(സി) കനാലുകളുടെ സമഗ്ര നവീകരണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ശാസ്താംകോട്ട തടാക സംരക്ഷണം

772 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജക മണ്ഡലത്തിലെ ശാസ്താംകോട്ട തടാകത്തിന്റെ ജലനിരപ്പ് കുറയുന്നതും മലിനീകരണം വർധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) എങ്കിൽ തടാക സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;വിശദമാക്കാമോ;

(സി) തടാക സംരക്ഷണത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ?

## പരുവാശ്ശേരി വലുകുളം നവീകരണ പദ്ധതി

773 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പരുവാശ്ശേരി വലുകുളം നവീകരണ പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കൊച്ചി നിയോജകമണ്ഡലത്തിലെ കായലുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യൽ

774 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി കല്ലഞ്ചേരി കായലിൽ കടുത്ത രീതിയിൽ എക്കൽ അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെടുകയും,ഇത് പരിസരവാസികൾക്കും മത്സ്യബന്ധന മേഖലയ്ക്കും വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുമ്പളങ്ങി കല്ലഞ്ചേരി കായലിലെ എക്കൽ അടിയന്തിരമായി നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ചെല്ലാനം പഞ്ചായത്തിലെ ചെല്ലാനം വിജയൻ കനാൽ,ചെല്ലാനം കളത്തറ-കരി-കണ്ണമാലി കനാൽ, ഇതിന്റെ ഉപതോടുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്ത് ആഴം കൂട്ടാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ചെല്ലാനത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് അത്യന്താപേക്ഷിതമായ വിജയൻ കനാൽ തോട് മുതൽ കണ്ടക്കടവ് കനാൽ വരെയും,മുതലപ്പാലം മുതൽ കണ്ണമാലി ബീച്ച് വരെയും,വിജയൻ കനാൽ മുതൽ സൊസൈറ്റി തോട് വരെയുമുള്ള ഭാഗങ്ങളിലെ എക്കൽ നീക്കി നവീകരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ കനാലുകളുടെയും ഉപകനാലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ

775 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കർഷകർക്ക് വെള്ളം ലഭ്യമാക്കാനായി കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള പേരാമ്പ്രയിലെ പ്രധാന കനാലുകളുടെയും ഉപകനാലുകളുടെയും അറ്റകുറ്റ പണികളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഉപകനാലുകളിലധികവും പ്രവർത്തനരഹിതമാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് ഗുണം ലഭിക്കുന്ന രീതിയിൽ കനാലുകൾ പൂർണ്ണതോതിൽ കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഇരിണാവ് ഡാം പാലം

776 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റെഗുലേറ്റർ മാത്രമായി നിലനിർത്തി ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;ഇതിനായി എന്തെല്ലാം തുടർനടപടികളാണ് ശിപാർശ ചെയ്തിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളും തുടർനടപടികളും അനന്തമായി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം

777 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) മീനച്ചിലാറ്റിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികൾ മാലിന്യങ്ങളാൽ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ രേഖകളിലെ അളവുകൾ പ്രകാരം വീതിയും ആഴവും കൂട്ടിയും മാലിന്യങ്ങൾ നീക്കിയും പ്രസ്തുത കൈവഴികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആലപ്പുഴ ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം

778 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തെക്ക് പൂത്തോപ്പ് മുതൽ വടക്ക് ആലപ്പുഴ ബീച്ചിന്റെ തെക്കേയറ്റംവരെ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വള്ളങ്ങളിറക്കേണ്ട സ്ഥലങ്ങൾ ഒഴിച്ച് ബാക്കി സ്ഥലങ്ങളിൽ ബലവത്തായ കടൽ ഭിത്തിയില്ലാത്ത കടലോരം മുഴുവനും ഇടമുറിയാതെ കടൽ ഭിത്തി കെട്ടി സംരക്ഷിക്കാൻ 2026-27-ൽ തന്നെ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ തുടങ്ങുമോ;വിശദമാക്കാമോ?

## <u>പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണം.</u>

779 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി തീരപ്രദേശത്ത് കടലാക്രമണം പ്രതിരോധിക്കുന്നതിന് പുലിമുട്ട് നിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിൽ നിർമ്മിച്ചിട്ടുള്ള പുലിമുട്ടുകൾ ഏതെല്ലാം ആണ്;വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി തീരപ്രദേശത്ത് നിലവിലുള്ള പുലിമുട്ടുകൾ ശാക്തീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദമാക്കാമോ;

(ഡി) പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം നടക്കുന്നതിനാൽ ഇതിന്റെ വശങ്ങളിൽ ശക്തമായ കടലാക്രമണം പ്രതിരോധിക്കുന്നതിന് പുലിമുട്ട് നിർമ്മാണം ആവശ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## <u>കടലാക്രമണം തടയുന്നതിനുള്ള നടപടികൾ</u>

780 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചുവരുന്ന ശാസ്ത്രീയ മാർഗങ്ങൾ ഏതെല്ലാമാണെന്ന്

വ്യക്തമാക്കാമോ;

(ബി) കാഞ്ഞങ്ങാട്,അജാനൂർ കടപ്പുറം മേഖലയിൽ കടലാക്രമണം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മാണം**

781 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം വാർഡിലെ തീരപ്രദേശത്ത് കടൽ കയറ്റം തടയുവാൻ അറുപത് മീറ്റർ നീളത്തിൽ കടൽ ഭിത്തി പണിയുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;വ്യക്തമാക്കാമോ?

**കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പദ്ധതികൾ**

782 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ മാടായി,മാട്ടൂൽ പഞ്ചായത്തുകളിൽ കടൽ ഭിത്തി നിർമ്മാണത്തിനായി അനുവദിച്ച പതിനാറ് കോടി മുപ്പത് ലക്ഷം അടങ്കൽ വച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;പദ്ധതി പൂർത്തീകരണത്തിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

**കടലാക്രമണം ചെറുക്കുന്നതിനുള്ള നടപടികൾ**

783 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ നിന്നും തീരദേശവാസികളെ രക്ഷിക്കുവാനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കടൽഭിത്തിയും പുലിമുട്ട് നിർമ്മാണവും വഴി തീരദേശ നിവാസികൾക്ക് കടൽക്ഷോഭത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നുണ്ടോ;

വ്യക്തമാക്കാമോ;

(സി) പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## പാറയിൽ വി.സി.ബി നിർമ്മാണ പൂർത്തീകരണം

784 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ പാറയിൽ വി.സി.ബി നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഫൈബർ ഷട്ടറുകൾ മാറ്റി, മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(സി) മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ വി.സി.ബി നിർമ്മാണം പൂർത്തീകരിച്ചെങ്കിലും, വെള്ളം ചോർച്ചയുള്ളതിനാൽ ഉദ്ദേശിച്ച ഫലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തിയുടെ നിർമ്മാണ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ഉടുമ്പനാശ്ശേരി വി.സി.ബി.(വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണം

785 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. (വെന്റഡ് ക്രോസ് ബാർ ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

അടിയന്തരമായി ആയത് സമർപ്പിച്ച് ഭരണാനുമതി ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

## പരപ്പനങ്ങാടി ന്യൂ കട്ട് റെഗുലേറ്റർ

786 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലുള്ള ന്യൂ കട്ട് റെഗുലേറ്റർ നിർമ്മാണ നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ റെഗുലേറ്ററിലെ ചോർച്ച കാരണം ശുദ്ധജലം കടലിലേക്ക് ഒഴുകി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതിക്ക് ന്യൂ കട്ട് റെഗുലേറ്റർ നിർമ്മാണം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) ന്യൂ കട്ട് റെഗുലേറ്റർ ചോർച്ച കാരണം പ്രതിവർഷം കടലുണ്ടി പുഴയിലൂടെ കടലിലേക്ക് ഒഴുകി നഷ്ടപ്പെടുന്ന ശുദ്ധജലത്തിന്റെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ഏനാമ്മാക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മാണം

787 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമ്മാക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ക്ലാർക്ക് തസ്തികയിലെ നിയമനം

788 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01/08/2022 മുതൽ 31/07/2025 വരെയുള്ള കാലയളവിൽ ജലസേചന വകുപ്പിൽ, തിരുവനന്തപുരം ജില്ലയിലെ എത്ര ക്ലാർക്കുമാർക്കാണ് സീനിയർ ക്ലാർക്ക് ആയി പ്രൊമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്രതിപാദിച്ച കാലയളവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിന്നും എത്ര പേർ വിരമിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ജലസേചന വകുപ്പിൽ തിരുവനന്തപുരം ജില്ലയിലുള്ള ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളുടെ ആകെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ എത്ര ഒഴിവുകളാണ് ആശ്രിത നിയമനം, അന്തർ ജില്ലാ സ്ഥലംമാറ്റം, ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ എന്നിവയ്ക്കായി നിലവിലെ ചട്ട പ്രകാരം മാറ്റിവയ്ക്കേണ്ടത് എന്നും, മേൽ രീതിയിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) 1-8-2022 മുതൽ 31-7-25 വരെ എത്ര ക്ലാർക്കുമാരെ പി.എസ്.സി, ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ബൈ ട്രാൻസ്ഫർ പ്രൊമോഷൻ എന്നിവ മുഖേന തിരുവനന്തപുരം ജില്ലയിൽ നിയമിച്ചിട്ടുണ്ട്; വിഭാഗം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം ജില്ലയിൽ ജലസേചന വകുപ്പിൽ എത്ര പേർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ

789 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ മാനന്തവാടി മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

790 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണത്തിനായി തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ?

**അഞ്ചരക്കണ്ടി പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളുടെ നിർമ്മാർജനം**

791 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി പുഴയിൽ അടിഞ്ഞുകൂടിയ മണലും മരങ്ങളും മറ്റ് അവശിഷ്ടങ്ങളും മഴക്കാലത്ത് പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തി വെള്ളപ്പൊക്കം ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് ഇവ നീക്കി പുഴയുടെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ക്ഷേത്രക്കുളം നവീകരണം**

792 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൊണ്ടൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളം നവീകരണം, പശ്ചിമദേവി ക്ഷേത്രക്കുളം നവീകരണം, ചോറ്റി ശ്രീമഹാദേവ ക്ഷേത്രക്കുളം പുനരുദ്ധാരണം, ഇടച്ചോറ്റി സരസ്വതി ദേവി ക്ഷേത്രക്കുളം നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

**ജലവിഭവം സംരക്ഷിക്കുന്നതിനും ആസൂത്രിത ജലസംഭരണത്തിനും ജലനയം**

793 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളാൽ സമ്പന്നമായ സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും ഉപയോഗയോഗ്യമാക്കുന്നതിനും സമഗ്രമായ ഒരു

ജലനയം ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ ;

(ബി) ജലവിഭവം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ജലസ്രോതസ്സുകളുടെ മലിനീകരണവും ജലത്തിന്റെ ദുർവിനിയോഗവും തടയുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദീകരിക്കാമോ;

(ഡി) ചെറുതും വലുതുമായ ജലാശയങ്ങളുടെ സംരക്ഷണത്തിനും ആസൂത്രിതമായ ജലസംഭരണത്തിനും നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി</u>**

794 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്/മുനിസിപ്പൽ മേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും/ മുനിസിപ്പാലിറ്റിയിലും എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

**<u>സ്വീവേജ് പ്ലാന്റ്</u>**

795 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയിൽ പ്രവർത്തിക്കുന്ന മലിനജല ശുദ്ധീകരണ പ്ലാന്റ്, ആവശ്യത്തിന് മലിനജലം അവിടേക്ക് എത്താത്തതിനാൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടെക്നോപാർക്കുകൾ, ഐ.ടി പാർക്കുകൾ, നിരവധി വൻകിട ആശുപത്രികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലൂടെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു ജനവാസ മേഖലയായ കഴക്കൂട്ടത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലം മുട്ടത്തറ സീവേജ് പ്ലാന്റിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

796 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികളുടെ വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) മേജർ, മൈനർ പ്രവൃത്തികൾ തരം തിരിച്ച് വിശദാംശങ്ങൾ ഉൾപ്പെടെ അറിയിക്കാമോ?

**<u>പുതിയ ജലനയം</u>**

797 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയ ജലനയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കാര്യക്ഷമമായ ജല മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനായി വാട്ടർ ക്രെഡിറ്റുകൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ വാർഡുകളിലും, റസിഡൻസ് അസോസിയേഷനുകളിലും നിശ്ചിത ഇടവേളകളിൽ

നേരിട്ടെത്തി പരിശോധന നടത്തുന്ന രീതിയിൽ മൊബൈൽ ലാബുകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പുനഃക്രമീകരണവും കുടിവെള്ള ലഭ്യത ഉറപ്പാക്കലും

798 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനസഹായത്തോടെയുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ മുൻകാല നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച്, സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ വീടുകളിലും ഈ വർഷം തന്നെ ശുദ്ധമായ കുടിവെള്ള കണക്ഷനുകൾ എത്തിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) റോഡുകൾ വെട്ടിപ്പൊളിച്ചതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് തദ്ദേശസ്വയംഭരണ വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിച്ച് ജൽ ജീവൻ മിഷൻ പൈപ്പ് ലൈനുകൾ അതിവേഗം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ജലക്ഷാമം രൂക്ഷമായ മലയോര-തീരദേശ മേഖലകൾക്കായി ജല അതോറിറ്റി പ്രത്യേകമായി വിഭാവനം ചെയ്ത മൈക്രോ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) വേനൽക്കാലത്ത് ജലസ്രോതസ്സുകളിലെ ജലനിരപ്പ് താഴുന്നത് മുൻകൂട്ടി കണ്ട് തടയണകളുടെ നിർമ്മാണവും പുഴകളുടെ ആഴം കൂട്ടലും കൃത്യസമയത്ത് പൂർത്തിയാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ചീക്കോട് കുടിവെള്ള പദ്ധതി

799 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പൂർണ്ണാർത്ഥത്തിൽ ചീക്കോട് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതി

800 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സമായി നിലനിൽക്കുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർഹെഡ് ടാങ്ക്, പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തി പൂർത്തീകരണ ശതമാനം എത്രയാണ്; ഇതുവരെ ചെലവഴിച്ച തുകയും ബാക്കിയുള്ള പ്രവൃത്തികൾക്കായി ആവശ്യമായ തുകയും എത്രയാണ്; വ്യക്തമാക്കാമോ;

(സി) മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്ത് ജനങ്ങൾക്ക് കുടിവെള്ള വിതരണം ആരംഭിക്കുന്നതിനായി സർക്കാർ സമയബന്ധിതമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാണോ; സമയപരിധി വ്യക്തമാക്കാമോ?

## കുന്നത്ത് നാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

801 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ ഒന്ന് മുതൽ 2026 മെയ് മാസം വരെ കുന്നത്ത് നാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചത്, ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിനുശേഷം ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ, പദ്ധതിയുടെ പേര്, പദ്ധതിക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ ഉത്തരവുകളുടെ നമ്പർ തീയതി, ബജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി

നൽകാത്ത പദ്ധതികൾ, അവയുടെ തുക എന്നിവ പട്ടിക തിരിച്ച് നൽകാമോ?

## പട്ടാമ്പി മണ്ഡലത്തിലെ പ്രവൃത്തികൾ

802 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ആയത് എപ്പോൾ ആരംഭിക്കും എന്ന് അറിയിക്കാമോ?

## ജൽ ജീവൻ പദ്ധതി

803 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ നേട്ടം തൃപ്തികരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; പദ്ധതി നടത്തിപ്പിൽ കേരളത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി മന്ദഗതിയിലായതിന് കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ദ്രുതഗതിയിലും സമയബന്ധിതവുമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതികൾ

804 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദാംശം

ലഭ്യമാകുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തികരിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

**<u>കുടിവെള്ളക്ഷാമം</u>**

805 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാറശ്ശാല പഞ്ചായത്തിൽ നിലവിലുള്ള വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി പ്രസ്തുത പദ്ധതി നവീകരിക്കുന്നതോ പുതിയ സ്കീമുകൾ നടപ്പിലാക്കുന്നതോ പരിഗണനയിലുണ്ടോ;

(സി) വെള്ളറട പഞ്ചായത്തിലെ മലയോര മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജൽ ജീവൻ മിഷൻ വഴിയോ മറ്റ് പ്രത്യേക ഫണ്ടുകൾ വഴിയോ പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതിയും നീക്കിവെച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ഡി) വണ്ടിച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനോ പൈപ്പ് ലൈനുകൾ വിപുലീകരിക്കുന്നതിനോ ആയി നിലവിൽ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഗണനയിലുണ്ടോ;

(ഇ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും , കേടായ പൈപ്പ് ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും, വിവിധ പി.ഡബ്ല്യൂ.ഡി., പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ച ശേഷം അവ റിപ്പയർ ചെയ്ത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ

അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവർത്തനം എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

**<u>സമഗ്ര കുടിവെള്ള പദ്ധതിയ്ക്കുള്ള നടപടികൾ</u>**

806 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം ലഭ്യമാകാത്ത പല സ്ഥലങ്ങളും നമ്മുടെ നഗരപ്രദേശങ്ങളിലും മലയോര - തീരദേശ മേഖലകളിലും ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് സമഗ്രമായ ഒരു കുടിവെള്ള പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളസംഭരണികൾ സ്ഥാപിക്കുന്നതിനും പ്രാദേശികമായി മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ ;

(സി) മലിനജലം പുനരുപയോഗ യോഗ്യമാക്കുന്നതിന് ശാസ്ത്രീയമായ നടപടികളും മലിനജലപ്ലാന്റുകളും ശക്തിപ്പെടുത്തുമോ; വിശദമാക്കുമോ ;

(ഡി) കുടിവെള്ള പൈപ്പ് ലൈനുകളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾ ഏകോപിപ്പിച്ച് മുന്നോട്ട് പോകുന്നതിനും കുടിവെള്ളം മുടങ്ങുന്നത് ഒഴിവാക്കാനും പ്രത്യേക ശ്രദ്ധ നല്കുമോ; കുടിവെള്ളപൈപ്പുകളുടെയും ജലസംഭരണികളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>**

807 **<u>ശ്രീ. എം. റഹ്മത്തുള്ള</u>** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ?

**കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതി**

808 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഭരണാനുമതി ലഭ്യമായ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ശേഷിക്കുന്നവയ്ക്ക് ഭരണാനുമതി അനുവദിക്കുവാൻ നടപടി സ്വികരിക്കാമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

809 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താമോ;

(ബി) മേജർ ഇറിഗേഷന് കീഴിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താമോ;

(സി) മൈനർ ഇറിഗേഷന് കീഴിൽ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്താമോ?

**രാമപുരം കുടിവെള്ള പദ്ധതി**

810 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള രാമപുരം കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

811 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നാട്ടിക നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര കുടിവെള്ള പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുള്ള വിശദവിവരം വ്യക്തമാക്കുമോ?

**<u>അമൃത് പദ്ധതി</u>**

812 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതിയായ 'അമൃത് പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരപരിധിയിൽ അമൃത് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ടെക്നോപാർക്ക്, ഐ.ടി പാർക്കുകൾ, വളരെ വേഗത്തിൽ വളർന്നുവരുന്ന റെസിഡൻഷ്യൽ മേഖലകൾ എന്നിവയടങ്ങുന്ന കഴക്കൂട്ടം മേഖലയുടെ ജല ഉപയോഗം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) കഴക്കൂട്ടം മേഖലയുടെ വർദ്ധിച്ചുവരുന്ന ശുദ്ധജല ആവശ്യകത പരിഗണിച്ച് കുടിവെള്ള വിതരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

**എറിയാട്,എടവിലങ്ങ്,ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച്**

813 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവിലങ്ങ്, എറിയാട് , ശ്രീനാരായണപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിലും, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കിഴക്കുംപുറം കോളനിയിലും, ഗോതുരുത്ത് ഭാഗത്തും നേരിടുന്ന കുടിവെള്ള വിതരണ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള വാട്ടർ അതോറിറ്റിയുടെ വരുമാന ചോർച്ച**

814 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചോർച്ചയാണ് കേരള വാട്ടർ അതോറിറ്റിയുടെ വരുമാന ചോർച്ചയ്ക്ക് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വെള്ളത്തിന്റെ ചോർച്ച എത്ര ശതമാനമാണ്; വ്യക്തമാക്കാമോ;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണം**

815 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലെ തീരദേശങ്ങളിലേക്ക് എല്ലാ ദിവസവും പൈപ്പ് ലൈൻ വഴി കുടിവെള്ളം വിതരണം ചെയ്യുന്നതിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നുള്ള വിവരം വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലേക്ക് പൈപ്പ് ലൈൻ വഴി ദിവസേന കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ ഏതെങ്കിലും പഠനമോ പദ്ധതിയോ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ വഴി എല്ലാ വീട്ടിലേക്കും കുടിവെള്ള പൈപ്പ് കണക്ഷൻ എത്തിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വർഷം പൂർത്തിയാകും; പൂർത്തിയായാൽ അതിലൂടെ ദിവസേന കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതിനുള്ള കുടിവെള്ള സ്രോതസ്സുകൾ ലഭ്യമാണോ; വിശദമാക്കാമോ;

(ഡി) നാട്ടിക കുടിവെള്ള പദ്ധതി പൂർത്തിയാകുമ്പോൾ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലേക്കാണ് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നത്; ബാക്കി ഗ്രാമപഞ്ചായത്തുകളിലേക്ക് ആവശ്യമായ തോതിൽ കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെല്ലാം പരിപാടികൾ ആണ് നിലവിലുള്ളത്; ഇനി ആവിഷ്കരിക്കാൻ പോകുന്നത്; വിശദമാക്കാമോ?

## <u>ജൽ ജീവൻ മിഷൻ പദ്ധതി</u>

816 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജൽ ജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച്

സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിത കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ജൽ ജീവൻ മിഷന്റെ പങ്ക് എങ്ങനെ വിലയിരുത്തുന്നു; വ്യക്തമാക്കാമോ;

(ഇ) ജൽ ജീവൻ മിഷൻ പദ്ധതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട ഏജൻസികളുമായും നടത്തുന്ന ഏകോപന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(എഫ്) ജൽ ജീവൻ മിഷൻ പദ്ധതികൾ വേഗത്തിലാക്കുന്നതിനും അവയുടെ ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ഭാവി പ്രവർത്തന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## വാമനപുരം നദിയിലെ ജലവിതരണ സ്കീമുകൾ

817 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയെ ആശ്രയിച്ച് എത്ര ജലവിതരണ സ്കീമുകളാണ് നിലവിലുള്ളത്; ഇതിന്റെ ഭാഗമായുള്ള ഗാർഹിക ഗാർഹികേതര കണക്ഷനുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രതിദിനം എത്ര യൂണിറ്റ് വെള്ളമാണ് ഈ പദ്ധതികൾക്കായി വേണ്ടി വരുന്നത്; വിശദമാക്കാമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് - നഗരൂർ-കരവാരം സമഗ്ര കുടിവെള്ള പദ്ധതി

818 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് - നഗരൂർ-കരവാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## അരുവിക്കര നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

819 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന കാലയളവും, പദ്ധതി നിർവ്വഹണത്തിന് തടസ്സമുണ്ടെങ്കിൽ ആ വിവരവും വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

820 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നിർവ്വഹിച്ചു വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ എത്ര കുടിവെള്ള ടാങ്കുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അതിൽ എത്ര ടാങ്കുകളുടെ നിർമാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കിഴക്കൻമല സമ്പൂർണ്ണ കുടിവെള്ള പദ്ധതി

821 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയമസഭാ മണ്ഡലത്തിലെ ആര്യൻകോട്, പെരുങ്കടവിള ഗ്രാമപഞ്ചായത്തുകൾക്കായി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത 'കിഴക്കൻമല സമ്പൂർണ്ണ കുടിവെള്ള പദ്ധതി'യുടെ നിലവിലെ പ്രവർത്തനം തൃപ്തികരമാണോ; വ്യക്തമാക്കാമോ;

(ബി) ടി പദ്ധതി പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടും ഈ രണ്ട് പഞ്ചായത്തുകളിലെയും എല്ലാ പ്രദേശങ്ങളിലും സുലഭമായി കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ്/വാർഡുകളിലാണ് നിലവിൽ ജലലഭ്യത കുറവുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പൂർത്തിയായിട്ടും എല്ലാ വാർഡുകളിലും പൂർണ്ണതോതിൽ ജലം എത്താതിരിക്കാൻ കാരണമായ സാങ്കേതിക തടസ്സങ്ങൾ (പൈപ്പ് ലൈനുകളുടെ അപര്യാപ്തത, പ്രഷർ കുറവ്, ഉയർന്ന പ്രദേശങ്ങളിലെ സംഭരണികളുടെ കുറവ് തുടങ്ങിയവ) എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പഞ്ചായത്തുകളിലെ എല്ലാ ഉപഭോക്താക്കൾക്കും കിഴക്കൻമല പദ്ധതി വഴി സുലഭമായി കുടിവെള്ളം എത്തിച്ച് നൽകുന്നതിന് എന്തൊക്കെ അടിയന്തര പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ?

**കൊച്ചി നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമവും ജല മലിനീകരണവും പരിഹരിക്കുന്നത്**

822 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ മട്ടാഞ്ചേരി മേഖലയിലെ ചക്കമേടം, കുഞ്ഞാലി റോഡ്, മേപ്പറമ്പ്, മൂപ്പത്തിമൂന്നുപറമ്പ്, ഗോൾഡൻ മുക്ക്, കപ്പലണ്ടി മുക്ക്, കൊച്ചങ്ങാടി, മാർത്താണ്ഡപറമ്പ്, കല്ലറയ്ക്കപ്പറമ്പ് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മട്ടാഞ്ചേരിയിലെ മേൽപറഞ്ഞ പ്രദേശങ്ങളിൽ ടാപ്പുകളിലൂടെ ലഭിക്കുന്ന കുടിവെള്ളത്തിന് കടുത്ത ദുർഗന്ധം അനുഭവപ്പെടുന്നത് വഴി ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വെള്ളത്തിന്റെ ഗുണനിലവാരം യുദ്ധകാലാടിസ്ഥാനത്തിൽ പരിശോധിക്കാൻ ലാബ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) മണ്ഡലത്തിലെ കുമ്പളങ്ങി പഞ്ചായത്തിലെ 1, 2, 8, 9 വാർഡുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം അടിയന്തര ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്;

(ഡി) ചെല്ലാനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്ന കടുത്ത കുടിവെള്ളക്ഷാമവും, പഴയ പൈപ്പുകൾ പൊട്ടി നിരന്തരം ഉണ്ടാകുന്ന വലിയ തോതിലുള്ള ലീക്കേജും പരിഹരിക്കുന്നതിനായി, അവിടുത്തെ വിതരണ ശൃംഖല പൂർണ്ണമായും മാറ്റിസ്ഥാപിക്കാൻ സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

823 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മുൻ സർക്കാർ സ്റ്റേറ്റ് റഫറൽ ലാബ് ഉൾപ്പെടെ 86 ലാബുകൾ സജ്ജീകരിച്ചത് വഴി ഗുണനിലവാര പരിശോധനാ രംഗത്ത് ഉണ്ടാക്കിയ പുരോഗതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ജല ശുദ്ധീകരണ ശാലയിൽ നിന്നും പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും വിതരണ ശൃംഖലയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നതിന് നിലവിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഉറപ്പു വരുത്തിയിരിക്കുന്നത്;

(സി) ഉപഭോക്താക്കൾക്ക് പരാതികൾ അറിയിക്കാനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് നിലവിലുള്ളത്;

(ഡി) വാട്ടർ അതോറിറ്റിയിലെ 1021 പമ്പുകളുടെ ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

## ജൽ ജീവൻ മിഷൻ

824 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ആയത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## ബേപ്പൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

825 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, കട്ടുക്കബസാർ, ഗോദീശ്വരം, ബേപ്പൂർ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്ന പ്രവൃത്തിയുടെ നടത്തിപ്പിനായി കഴിഞ്ഞ സർക്കാരിന്റെ കലത്ത് അനുവദിച്ച 7 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക്, കടലുണ്ടി പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള വിതരണ പൈപ്പുകൾ നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ജൽ ജീവൻ മിഷൻ പദ്ധതി

826 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയിൽ അവതരിപ്പിച്ച ധവള പത്രത്തിൽ സാമ്പത്തിക പ്രയാസം നേരിടുന്ന വകുപ്പായി ജലവിഭവ വകുപ്പിനെ പരാമർശിച്ചിട്ടുള്ള

സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് ജലവിഭവ വകുപ്പിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നല്കുന്നതിന് ലക്ഷ്യമിട്ട ഗാർഹിക കണക്ഷനുകളിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ജൽ ജീവൻ മിഷൻ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നത് വിശദമാക്കാമോ?

## <u>ജൽ ജീവൻ മിഷൻ പദ്ധതി</u>

827 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മാലൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

## <u>ജൽ ജീവൻ മിഷൻ പദ്ധതി</u>

828 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തിയുടെ പഞ്ചായത്ത് തിരിച്ചുള്ള നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## <u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>

829 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ;

(ബി) ലോറികളിലും മറ്റും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സ്രോതസ്സും ഗുണനിലവാരവും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കുടിവെള്ളത്തിലൂടെ സാംക്രമിക രോഗങ്ങൾ വ്യാപിക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ശുദ്ധജല വിതരണം മെച്ചപ്പെടുത്താൻ നടപടി

830 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശുദ്ധജലവിതരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുമോ?

## പുനലൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

831 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടെ പബ്ലിക് ഹെൽത്ത് വിഭാഗവും പ്രോജക്ട് വിഭാഗവും പുനലൂർ നിയോജക മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പ്രവൃത്തികളും പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും പദ്ധതികളുടെയും പ്രവർത്തന പുരോഗതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലെയും 'ജൽ ജീവൻ മിഷൻ' പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഓരോ ഗ്രാമ പഞ്ചായത്തുകളും വേർതിരിച്ച് വിശദമാക്കാമോ;

(സി) പുനലൂർ നഗര സഭയിലെ 'അമൃത് പദ്ധതി' പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

**<u>മുൻ സർക്കാർ നടപ്പിലാക്കിയ എനർജി ഓഡിറ്റിന്റെ വിശദാംശങ്ങൾ</u>**

832 **ശ്രീ. വി. ജോയി**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനങ്ങൾ മാറ്റുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ എനർജി ഓഡിറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി പ്രവൃത്തികൾ</u>**

833 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും ജല അതോറിറ്റിക്ക് കൈമാറിയ റോഡുകളിൽ ഏതൊക്കെ റോഡുകളാണ് പ്രവൃത്തി പൂർത്തിയാക്കി തിരികെ പൊതുമരാമത്ത് വിഭാഗത്തിന് നൽകിയതെന്ന് അറിയിക്കുമോ; ഇനി കൈമാറാനുള്ള റോഡുകളുടെ വിവരങ്ങളും ഓരോന്നിലും ജലജീവൻ പദ്ധതി പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ജല അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് റീസ്റ്റോറേഷൻ നടത്താനുള്ള ഏതൊക്കെ റോഡുകൾ ഉണ്ടെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ അവശേഷിക്കുന്ന ഏതൊക്കെ റോഡുകൾ നിലവിലുണ്ടെന്നും അതിൽ ഏതൊക്കെ റോഡുകൾ പ്രവൃത്തി കഴിഞ്ഞ അവസ്ഥയിലാണെന്നും അറിയിക്കുമോ; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>പുതുപ്പള്ളിയിലെ റോഡുകൾ</u>**

834 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള വർഷങ്ങളിലായി സംസ്ഥാന ബജറ്റിൽ ബി.എം.ബി.സി ചെയ്യുന്നതിന് ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭിച്ച പുതുപ്പള്ളി മണ്ഡലത്തിലെ ഏതൊക്കെ റോഡുകൾ ജല അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്നും ഇതിൽ ഏതൊക്കെ പ്രവൃത്തി കഴിഞ്ഞ് തിരികെ നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കുമോ;

(ബി) ഇവ ഓരോന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏറ്റെടുത്ത തീയതിയും തിരികെ നൽകിയ തീയതിയും വിശദമാക്കുമോ;

(സി) കൈമാറാത്ത റോഡുകൾ എപ്പോൾ തിരികെ നൽകാനാവുമെന്ന് വിശദമാക്കുമോ?

<u>**നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**</u>

835 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ മുൻസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലുമായി നടന്നുവരുന്ന ജൽ ജീവൻ മിഷൻ, അർബൻ അഗ്ലോമറേഷൻ തുടങ്ങിയ മുഴുവൻ കുടിവെള്ള പദ്ധതികളുടെയും ഭരണാനുമതി തുകയും പൂർത്തിയായി/നടന്നു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) നഗരസഭാ പ്രദേശത്തെ അറവലക്കുന്ന് ജി.എസ്.എൽ.ആർ. മുതൽ മേലേ തേക്കട വരെ പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും കരകുളം ഗ്രാമപഞ്ചായത്തിലെ വഴയില മുതൽ കെപ്‌കോ പമ്പ് ഹൗസ് വരെ 350 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും ടെൻഡർ ക്ഷണിച്ചോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ മുടങ്ങി കിടക്കുന്നത് കാരണം ടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതികൾ**

836 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന്റെ കീഴിൽ നിലവിലുള്ള പദ്ധതികളെ കുറിച്ച് വ്യക്തമാക്കാമോ;

(ബി) ഹൗസിംഗ് ബോർഡ് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യകതമാക്കുമോ?

**ഭവന നിർമ്മാണ വകുപ്പിന് കീഴിൽ പുതിയ ഹോസ്റ്റൽ - ഗസ്റ്റ് ഹൗസ് ആരംഭിക്കാൻ നടപടി**

837 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിന് കീഴിൽ പുതിയ ഹോസ്റ്റൽ - ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ?

**പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമല ഫ്ലാറ്റ് സമുച്ചയം**

838 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി വർഷങ്ങൾക്ക് മുമ്പ് നടപടി സ്വീകരിക്കുകയും പിന്നീട് പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയും ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ നടത്തിയതും പിന്നീട് കാടുകയറി ഉപയോഗശൂന്യമായി കിടക്കുന്നതും ഹൗസിംഗ് ബോർഡിന് യാതൊരുവിധ വാണിജ്യസാധ്യതയില്ലാത്തതുമായ പ്രസ്തുത സ്ഥലത്ത് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഭൂരഹിതരും, ഭവനരഹിതരുമായ കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം ഒരുക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ച്

നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഭവനരഹിതർക്ക് സഹായപദ്ധതി**

839 **ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; ലൈഫ് മിഷൻ വഴി ഭവനനിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്തവർക്ക് തുടർസഹായം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ;

(ബി) താഴ്ന്ന വരുമാനക്കാർക്കും ദുർബല വിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

(സി) നഗര- ഗ്രാമ പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഭവനരഹിതർക്കുള്ള സഹായപദ്ധതികളിലെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ; കേന്ദ്ര- സംസ്ഥാന സംയുക്ത പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ?

**ഭവന നിർമ്മാണ പദ്ധതി**

840 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയടക്കം ഭവന നിർമ്മാണ ശേഷിയില്ലാത്ത ജനങ്ങൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പോരായ്മകൾ വിലയിരുത്തി നവീന പദ്ധതി പ്രഖ്യാപിക്കുമോ; വ്യക്തമാക്കാമോ;

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജന വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ചുരുങ്ങിയത് പത്ത് ലക്ഷം രൂപയെങ്കിലും സർക്കാർ സഹായമായി അനുവദിക്കുമോ; വ്യക്തമാക്കാമോ?

**തൃശ്ശൂർ ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന ഭവന നിർമ്മാണ ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ**

841 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഭവന നിർമ്മാണ ബോർഡിന് കീഴിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മുക്കം കുറ്റിപ്പാലയിലെ കേരള ഹൗസിംഗ് ബോർഡ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി**

842 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മുൻസിപ്പാലിറ്റിയിലേയും സമീപ പഞ്ചായത്തുകളിലേയും 44 കുടുംബങ്ങൾക്ക് വേണ്ടി മുക്കം കുറ്റിപ്പാലയിൽ കേരള ഹൗസിംഗ് ബോർഡ് 5.45 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അർഹതപെട്ടവർക്ക് ഫ്ലാറ്റ് എപ്പോൾ കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**അന്തേവാസികളുടെ ദൈനംദിന വിഹിതത്തിലെ വർദ്ധനവ്**

843 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ഓൾഡ് ഏജ് ഹോം, ആശാ ഭവൻ, പ്രതീക്ഷാ ഭവൻ എന്നിവിടങ്ങളിലെ അന്തേവാസികളുടെ ദൈനം ദിന വിഹിതം വർദ്ധിപ്പിക്കണമെന്നയാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

**പുനലൂർ മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ .**

844 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് പുനലൂർ മണ്ഡലത്തിൽ നിലവിൽ നടപ്പാക്കിവരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന ബാരിയർ ഫ്രീ പദ്ധതി നിലവിൽ തുടരുന്നുണ്ടോയെന്നും പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ സിവിൽ സ്റ്റേഷനുകളിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം തുടരുമോയെന്നും വ്യക്തമാക്കാമോ?

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേനയുള്ള ക്ഷേമ പ്രവർത്തനങ്ങൾ</u>**

845 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) വയോജന സൗഹൃദ കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാർക്ക് പൊതുസ്ഥാപനങ്ങളിൽ സൗഹൃദപരമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കൗൺസിലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) സാമൂഹികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളും സംരംഭകത്വ പദ്ധതികളും വിപുലീകരിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെ വർദ്ധനവ്</u>**

846 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ഗ്യാരന്റിയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ മുവ്വായിരം രൂപയായി വർദ്ധിപ്പിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്നു മുതലാണ് ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച പെൻഷൻ തുക നൽകുക എന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ ആരംഭിച്ച സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി ഈ സർക്കാർ തുടരുമോ; വിശദമാക്കാമോ?

## <u>സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

847 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും പ്രസ്തുത പദ്ധതികൾ പ്രകാരം നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചും വ്യക്തമാക്കാമോ;

(ബി) 2011-16 സർക്കാരിന്റെ കാലയളവിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആരംഭിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് 2016-21, 2021-26 സർക്കാരുകളുടെ കാലത്ത് അവസാനിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>സാമൂഹ്യ നീതി വകുപ്പിന്റെ പ്രധാന പദ്ധതികൾ</u>

848 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഈ പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ടി പദ്ധതികളുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റിൽ ഏതെല്ലാം തസ്തികകളിലാണ് കരാറടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ; ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ എണ്ണം, തസ്തികകളുടെ കരാർ വേതനം, ഓരോ തസ്തികയിലും കരാർ

കാലാവധി അവസാനിക്കുന്ന തീയതി എന്നിവ പട്ടിക തിരിച്ച് നൽകുമോ?

## ഭിന്നശേഷി, ട്രാൻസ്‌ജൻഡർ വിഭാഗങ്ങൾക്കുള്ള സ്കീമുകൾ

849 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി, ട്രാൻസ്‌ജൻഡർ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ലഭ്യമാകുന്ന വിവിധ സ്കീമുകളെ കുറിച്ച് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് രൂപം നൽകിയ പ്രസ്തുത സ്കീമുകൾ എല്ലാം തുടരുമോ; വ്യക്തമാക്കാമോ?

## സ്ത്രീ സുരക്ഷാ പദ്ധതി

850 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരം വീട്ടമ്മമാർക്ക് 1000 രൂപ പെൻഷൻ അനുവദിച്ചതു പ്രകാരം ഇതുവരെ എത്ര പേർക്ക് പെൻഷൻ വിതരണം സംസ്ഥാനത്ത് ചെയ്തിട്ടുണ്ട്; ഇതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) എന്നു മുതലാണ് ഈ പദ്ധതി കഴിഞ്ഞ സർക്കാർ അനുവദിച്ചത്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) 35 വയസ്സ് കഴിഞ്ഞ BPL കുടുംബത്തിൽപ്പെട്ട മുഴുവൻ വീട്ടമ്മമാർക്കും പെൻഷൻ നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

## ഭിന്നശേഷി സെൻസസ്

851 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അന്തസ്സും ഉറപ്പുവരുത്തുന്ന രീതിയിൽ 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാനനയം സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള വിവിധ സേവന വിതരണങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഭിന്നശേഷി സെൻസസ് നടപ്പാക്കുന്നതിനും ഓൺലൈൻ റജിസ്ട്രി തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ് ) ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നത്</u>

852 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസാര - ശ്രവണ വൈകല്യമുള്ളവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ഉന്നമനത്തിനുമായി സംസ്ഥാനത്ത് പഠന ഗവേഷണ സ്ഥാപനം നിലവിലുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി 2016-2026 കാലഘട്ടത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) എന്ന സ്ഥാപനത്തെ ദേശീയ സ്ഥാപനമാക്കി മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) നിഷിൽ സർക്കാർ 2016- 2026 കാലഘട്ടത്തിൽ അനുവദിച്ച ധനസഹായം സംബന്ധിച്ച വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>മുതലപ്പൊഴി പ്രദേശത്തെ അപകടങ്ങൾ</u>

853 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുതലപ്പൊഴി ഹാർബർ പ്രദേശത്ത് നടന്ന അപകടങ്ങളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അപകടങ്ങളെ കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഉന്നതതല സംഘത്തെ നിയമിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഹാർബർ സേവന ഫീസ് വർദ്ധന ഒഴിവാക്കുന്നതിന് നടപടി</u>**

854 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യതൊഴിലാളി മേഖലയിലും അനുബന്ധമായി പ്രവർത്തിക്കുന്ന വാഹന ഉടമകൾക്കും തൊഴിലാളികൾക്കും ഹാർബർ സേവന ഫീസ് വർദ്ധന ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) താനൂർ ഹാർബറിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പലതും പൂർത്തീകരിക്കുന്നതിന് മുമ്പാണ് സേവന ഫീസ് ഈടാക്കി തുടങ്ങിയതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ വരുത്തിയിട്ടുള്ള സേവന ഫീസ് വർദ്ധന റദ്ദാക്കി മുൻകാല ഫീസ് പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) താനൂർ ഫിഷിങ്ങ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുന്നത് വരെ സേവന ഫീസിൽ പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>സീ റസ്ക്യൂ ഗാർഡുമാരുടെ എണ്ണത്തിൽ വർധനവ്</u>**

855 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളായ ഉുവൽ തീരം, ഒട്ടുംപുറം ബീച്ച്, ഉണ്യാൽ ബീച്ച്, ഹാർബർ എന്നിവ കൂടാതെ മൂവായിരത്തിലധികം മൽസ്യതൊഴിലാളികളും ഉൾപ്പെടുന്ന താനൂർ ഫിഷറീസ് പരിധിയിൽ സീ റസ്ക്യൂ ഗാർഡുമാരുടെ എണ്ണം അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്ത് സീ റസ്ക്യൂ ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## പുനലൂർ നിയോജക മണ്ഡലത്തിലെ ആധുനിക മൽസ്യ മാർക്കറ്റുകളുടെ നിർമ്മാണം

856 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ നിയോജക മണ്ഡലത്തിലെ ശ്രീരാമപുരം, അഞ്ചൽ എന്നിവിടങ്ങളിലെ മൽസ്യ മാർക്കറ്റുകൾ ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) അഞ്ചൽ, പുനലൂർ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് പുറമെ തീരദേശ വികസന കോർപറേഷനോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പോ പുനലൂർ മണ്ഡലത്തിൽ മറ്റേതെങ്കിലും പ്രവൃത്തികളുടെ നിർവ്വഹണ ചുമതല വഹിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക പദ്ധതി

857 **ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കലാ -കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനപദ്ധതികളും സമഗ്ര പാക്കേജും .**

858 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. എം. വിജിൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭവന പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതിയുടെ തുകയുടെ പരിധിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനങ്ങൾ ഉറപ്പാക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഇന്ധനവില വർദ്ധനവ്, കാലാവസ്ഥ പ്രതിസന്ധി, കടലാക്രമണം തുടങ്ങിയ വെല്ലുവിളികൾക്ക് പരിഹാരമായി സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ട്രോളിങ് നിരോധനം -2026**

859 **ശ്രീ. വി. ജോയി**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026ലെ ട്രോളിങ് നിരോധനവുമായി ബന്ധപ്പെട്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ട്രോളിങ് നിരോധന കാലയളവിൽ മൽസ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകുന്ന ധനസഹായത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ട്രോളിങ് നിരോധന സമയത്ത് മൽസ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച സാമ്പത്തിക സഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യേണ്ട പഞ്ഞമാസ ധനസഹായം അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പഞ്ഞമാസ ധനസഹായ വിതരണത്തിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ട്രോളിങ് നിരോധനം</u>

860 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിങ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ;വിശദമാക്കാമോ;

(ബി) ട്രോളിങ് നിരോധനകാലത്ത് പുതുതായി സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

## <u>കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം</u>

861 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക -സാമ്പത്തിക പുരോഗതിക്കായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) കോഴിക്കോട് തീരദേശ മേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യലേല കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനവും കടലാക്രമണവും മൂലം ദുരിതമനുഭവിക്കുന്ന തീരദേശ കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) കോഴിക്കോട് ജില്ലയിലെ മത്സ്യബന്ധന മേഖലയിലെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി അക്വാകൾച്ചർ,മത്സ്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ;

(എഫ്) മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ കൂടുതൽ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് ;വിശദമാക്കാമോ?

## തീരദേശ ആവാസവ്യവസ്ഥയുടെ സംരക്ഷണം

862 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര മലിനീകരണം,തീരദേശ ശോഷണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ സമുദ്ര ആവാസ വ്യവസ്ഥയെയും തീരദേശ സമ്പദ് വ്യവസ്ഥയെയും മത്സ്യബന്ധന മേഖലയെയും ഗുരുതരമായി ബാധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വെല്ലുവിളികൾ നേരിടുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## വള്ളിക്കുന്ന് തീരദേശ മേഖലയിൽ ഫിഷറീസ് വകുപ്പ് സമർപ്പിച്ച പദ്ധതികൾ

863 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തീരദേശ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച് ഫിഷറീസ് വകുപ്പ് മുഖേന സമർപ്പിച്ച മിനി ഹാർബർ പദ്ധതിക്കായി നടത്തിയ സ്ഥലം പരിശോധനയുടെയും മണ്ണ്

പരിശോധനയുടെയും നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന് പഞ്ചായത്തിലെ തീരദേശത്ത് കടലാക്രമണം തടയുന്നതിന് ലോക ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ചെമ്മീൻ ഹാച്ചറി നടത്തുന്നതിന് സമർപ്പിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**മത്സ്യമേഖലയുടെ പുരോഗതിയും വൈവിധ്യവൽക്കരണവും**

864 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ സമുദ്ര പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ;

(ബി) തീര-സമുദ്ര മേഖലകളുടെയും വിഭവങ്ങളുടെയും സുസ്ഥിര ഉപയോഗവും പരിപാലനവും പുനരുജ്ജീവനവും ലക്ഷ്യമാക്കി ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; മേഖലയിലെ സംരംഭകർക്കും നിക്ഷേപകർക്കും ആസൂത്രണ-നിർവഹണ സഹായമെത്തിക്കാൻ പ്രസ്തുത സെല്ലിനെ പര്യാപ്തമാക്കുമോ; വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ വരുമാനസാധ്യതകളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് പെസ്കാ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാരികൾക്ക് പെസ്കാ ടൂറിസം പരിചയപ്പെടുത്തുന്നതിന് സമൂഹമാധ്യമങ്ങളെ ഉൾപ്പെടെ ഉപയോഗപ്പെടുത്തി പ്രചാരണം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) പെസ്കാ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>മൽസ്യതൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി</u>**

865 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് മൂലം മൽസ്യതൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ണെണ്ണയുടെ വിപണി വില വർദ്ധിച്ചിട്ടും സബ്സിഡി ഇനത്തിൽ ആനുപാതികമായ വർധന വരുത്തുവാൻ മുൻ സർക്കാർ തയാറാകാതിരുന്നത് പ്രതിസന്ധി രൂക്ഷമാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന വള്ളങ്ങളിലെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി പെട്രോളിന് പകരം എൽ.പി.ജി/സി.എൻ.ജി ഇന്ധനങ്ങൾ ഉപയോഗിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

**<u>ഉൾനാടൻ മത്സ്യസമ്പത്തും ആഴക്കടൽ മത്സ്യബന്ധനവും</u>**

866 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് ആവശ്യമായ നവീന പദ്ധതികൾ ആവിഷ്കരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യബന്ധന തുറമുഖങ്ങൾ</u>**

867 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളെ ആധുനികവത്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖങ്ങൾ ഉണ്ടെന്നും അവയിൽ പ്രവർത്തനക്ഷമമല്ലാത്തത് ഏതൊക്കെയാണെന്നും അറിയിക്കുമോ; അവയെ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

## <u>ഉൾനാടൻ മത്സ്യലഭ്യതയിലെ കുറവ്</u>

868 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്യുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യലഭ്യത ഓരോ വർഷവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണത്തിനായി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u>

869 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുറമുഖം കാര്യക്ഷമവും സൗകര്യപ്രദവുമായി പ്രവർത്തിക്കാൻ ഇതുമായി ബന്ധപ്പെട്ട് ഒരു പാലം അനിവാര്യമാണെന്നും എന്നാൽ അതിനാവശ്യമായ ഫണ്ട് ഇനിയും അനുവദിച്ചിട്ടില്ലെന്നുമുള്ള വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ പാലത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കോട്ടക്കൽ ഫിഷ് മാർക്കറ്റ് നിർമ്മാണം

870 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ആധുനിക രീതിയിലുള്ള ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശാദംശം ലഭ്യമാക്കുമോ;

(ബി) പ്രൊപ്പോസൽ നിലവിൽ ഏതു ഓഫിസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

871 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനി എന്തൊക്കെ നടപടികൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

## ഫിഷ്ലാന്റിംഗ് സെന്റർ

872 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നീർക്കടവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായുള്ള പഠനം പൂർത്തിയായോ; വിശദമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഇ-ഗ്രാന്റ്സ്</u>

873 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി അനുവദിക്കുന്ന ഇ-ഗ്രാന്റ്സ് 2016 ഏപ്രിൽ 1 മുതൽ 2026 ഏപ്രിൽ ഒന്ന് വരെ കൃത്യമായി വിതരണം ചെയ്തിട്ടുണ്ടോയെന്നും നിലവിൽ കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇ-ഗ്രാന്റ്സ് ആശ്രയിച്ച് വിദ്യാഭ്യാസം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രസ്തുത തുക കുടിശ്ശിക ആയതിനാൽ ഹോസ്റ്റൽ ഫീസും കോളേജിലെ മറ്റ് ഫീസുകളും അടയ്ക്കാൻ കഴിയാത്തത് മൂലം സർട്ടിഫിക്കറ്റുകളും ടി.സിയും ലഭിക്കാതെ തുടർപഠനം മുടങ്ങുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-ഗ്രാന്റ്സ് തുക കുടിശ്ശികയില്ലാതെ സമയബന്ധിതമായി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ;

(സി) ഇ-ഗ്രാന്റ്സ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## <u>മത്സ്യമേഖലയിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സാധ്യതകൾ</u>

874 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സാധ്യതകൾ ഉപയോഗിച്ച്,സമുദ്രത്തിൽ മത്സ്യബന്ധത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നല്കാമോ;

(ബി) സമുദ്രത്തിൽ വച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനും, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ള തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന വിധത്തിൽ സാങ്കേതികസൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾക്ക് കിഫ്ബി ധനസഹായം

875 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി മത്സ്യമാർക്കറ്റിന് കിഫ്ബി പദ്ധതിയിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## കൂട് മത്സ്യ കൃഷിക്കുള്ള സഹായം

876 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാലിലും പെരിയാറിന്റെ കൈവഴിയായ കാഞ്ഞിരപ്പുഴയിലും മത്സ്യം വളർത്തുന്നതിനാവശ്യമായ കൂട്ട മൽസ്യ കൃഷി

നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ 10 വർഷക്കാലയളവിൽ എന്തെല്ലാം സഹായങ്ങളാണ് കൂട് മത്സ്യകൃഷിക്ക് നൽകിവന്നിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കൂട് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വലിയ പദ്ധതികൾ ആവിഷ്കരിക്കാനും ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) അപ്രതീക്ഷിത സാഹചര്യങ്ങളാലോ ജലമലിനീകരണം മൂലമോ ഇത്തരം കൂടുകൃഷികൾക്ക് നഷ്ടം സംഭവിച്ചാൽ എന്തെല്ലാം സഹായങ്ങൾ ആണ് നൽകിവരുന്നത് ; വിശദമാക്കാമോ?

## കൂട് മത്സ്യകൃഷി വിപുലീകരണം

877 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ നെയ്യാർ ഡാം റിസർവോയർ കേന്ദ്രീകരിച്ച് നിലവിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര ഗ്രൂപ്പുകൾ /വ്യക്തികൾ മത്സ്യകൃഷി നടത്തുന്നുണ്ട്; ഇവർക്ക് നൽകിവരുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ എന്തൊക്കെയാണ്;വ്യക്തമാക്കാമോ ;

(സി) കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ ;

(ഡി) വന്യമൃഗശല്യവും മുതലകളുടെ സാന്നിധ്യവും കാരണം കൂട് മത്സ്യകൃഷി നടത്തുന്നവർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മത്സ്യഫെഡിന് കീഴിൽ പെട്രോൾ ബങ്കുകൾ

878 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ദീപക് ജോയ്**
**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനു നിലവിലെ സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനായി മത്സ്യഫെഡിന് കീഴിൽ പെട്രോൾ ബങ്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മത്സ്യഫെഡിന്റെ കീഴിൽ പെട്രോൾ ബങ്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തലശ്ശേരി നിയോജക മണ്ഡലത്തിലെ തീരദേശ റോഡ്

879 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി ഭരണാനുമതി ലഭിക്കുകയും എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ റോഡുകൾ ഏതൊക്കെയാണെന്നു തുകയടക്കം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## ഷിറിയ റിവർ ട്രെയ്നിംഗ് അനുമതി

880 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിറിയ റിവർ ട്രെയ്നിംഗ് പ്രവൃത്തിക്കായി സി.ആർ. ഇസഡ് അനുമതി ലഭ്യമാക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ

881 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ഹാർബർ നിർമ്മാണത്തിൽ ഇനി എന്തെല്ലാം ഭാഗങ്ങളാണ് പൂർത്തീകരിക്കാനുള്ളത്. വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതി പൂർണ്ണമായും എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## കയ്പമംഗലം ബീച്ചിൽ ഫിഷ് ലാൻഡിങ് സെൻറർ അനുവദിക്കുന്നതിന് നടപടി

882 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം ബീച്ചിൽ ഫിഷ് ലാൻഡിങ് സെൻറർ അനുവദിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കയ്പമംഗലം ബീച്ചിൽ ഫിഷ് ലാൻഡിങ് സെൻറർ നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

## മത്സ്യമേഖലയിലെ വികസനം

883 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. കാരായി രാജൻ**
**ശ്രീ. കെ. കെ. രാമചന്ദ്രൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്ര -സംസ്ഥാന പദ്ധതികളുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാർ ചെലവഴിച്ച തുകയും പൂർത്തീകരിച്ച പദ്ധതികളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ പൂർണതോതിലുള്ള പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>ബേപ്പൂർ ഹാർബറിന്റെ സമഗ്ര നവീകരണം</u>

884 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഹാർബറിന്റെ സമഗ്ര നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുക;

(ബി) ഹാർബറിന്റെ ഡ്രഡ്ജിംഗിനായി അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ടി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; വിശദമാക്കാമോ?

## <u>കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടി ഫിഷറീസ് ഹാർബറിന്റെയും ചെല്ലാനം ഫിഷറീസ് ഹാർബറിന്റെയും നവീകരണവും അടിസ്ഥാനസൗകര്യ വികസനവും.</u>

885 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി ഫിഷറീസ് ഹാർബറിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ടി പ്രദേശത്തെ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും, സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം മൂലമുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഹാർബർ സമുച്ചയം ആധുനികവത്കരിക്കുന്നതിനുമായി സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ചെല്ലാനം ഫിഷറീസ് ഹാർബറിൽ മത്സ്യത്തൊഴിലാളികൾക്കായി ആധുനിക ശൗചാലയങ്ങളും ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനവും ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

**ചാവക്കാട് ആരംഭിച്ചിട്ടുള്ള കുഫോസ് സബ് സെന്ററിൽ അനുവദിച്ച കോഴ്സുകൾ**

886 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ആരംഭിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) സബ് സെന്ററിൽ അനുവദിച്ച കോഴ്സുകളും, ഓരോ കോഴ്സുകളിലും അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് സെന്ററിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 16, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].